# അൽഹഖ്

ആഗസ്ത് 2006

AHMADIYYA NEWS BULLETTIN

A PUBLICATION OF MAJLIS KHUDDAM-UL-AHMADIYYA - KERALA

PRIVATE CIRCULATION


# ദുആയിൽ അലസത കാണിക്കുന്നവൻ നിരായുധനാണ്

### ഹസ്‌റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ്

ദുആ സ്വീകാര്യത്തിന് എല്ലാ ഭൗതികമാർഗ്ഗങ്ങളേയും പിന്നിലേക്ക് വലിച്ചെറിയുന്ന രീതിയിലുള്ള വിശ്വാസം ഉണ്ടാക്കണമെന്നത് നിർബന്ധമായ നിബന്ധനയാണ്. അല്ലാഹുവിൽ ദൃഢതരമായ വിശ്വാസമുണ്ടാകണം. അവന്റെ കല്പനകളനുസരിച്ച് പൂർണ്ണമായും പ്രവർത്തിക്കണം.

ഹസ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: തനിക്ക് അവരുമായി സംസാരിക്കാൻ കഴിയും വിധം മനുഷ്യർ തങ്ങളെയാക്കിത്തീർക്കണമെന്ന് അല്ലാഹു പറയുന്നു. തന്റെ വഴി അവർക്ക് ലഭിക്കാൻ തന്നിൽ പൂർണ്ണമായും അവർ വിശ്വസിക്കണമെന്നും അവൻ പറയുന്നു.

ഈ പരിപൂർണ്ണമായ വിശ്വാസം ഉണ്ടായിക്കഴിഞ്ഞാൽ, ദാസൻ അദൃശ്യകാര്യങ്ങൾ അറിയാത്തവനായതുകൊണ്ട് അല്ലാഹു എന്താണോ തന്റെ ദാസന് ഉത്തമമായിട്ടുള്ളത് അത് നല്കിയനുഗ്രഹിക്കുന്നു. ദാസൻ ചോദിക്കുന്നതുപോലെതന്നെ അവന് കിട്ടിക്കൊള്ളണമെന്നില്ല. അല്ലാഹുവാണ് തന്റെ ദാസന് ഗുണം ചെയ്യുന്ന കാര്യം എന്താണെന്ന് നല്ലവണ്ണം അറിയുന്നവൻ. സർവ്വവും അല്ലാഹുവിൽ സമർപ്പിച്ചുകൊണ്ട് മനുഷ്യൻ അല്ലാഹുവിനോട് ദുആ ചെയ്യുമ്പോൾ എന്തായാലും അത് സ്വീകരിക്കുന്നതാണ്. ഈ ദുആയിലൂടെയാണ് അല്ലാഹു തിരിച്ചറിയപ്പെടുന്നത്.

ഹസ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. നമ്മുടെ ദൈവം ദുആയിലൂടെ തിരിച്ചറിയപ്പെടുന്നുവെന്നതാണ് വാസ്തവം. ലോകത്തുള്ള ഒരു ജനതയും ദുആ കേൾക്കുകയും അതിന് ഉത്തരം നല്കുകയും ചെയ്യുന്ന ദൈവത്തെ വിശ്വസിച്ചിട്ടില്ല. ഒരു കല്ലിന്റെ മുമ്പിൽ ഇരുന്നുകൊണ്ടോ, ഒരു മരത്തിനു മുമ്പിൽ നിന്നുകൊണ്ടോ പശുവിന്റെ മുമ്പിൽ കൈകൂപ്പിക്കൊണ്ടോ ഇവയെന്റെ ദൈവമാണ്, ഞാൻ ഇവയോട് പ്രാർത്ഥിക്കുമ്പോൾ ഇവ എനിക്ക് മറുപടി തരുന്നുവെന്ന് ഒരു ഹിന്ദുവിന് പറയാൻ കഴിയുമോ? ഒരിക്കലുമില്ല. യേശുവിനെ താൻ വിശ്വസിക്കുകയും, അവനോട് പ്രാർത്ഥിക്കുകയും അദ്ദേഹം തന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം നല്കുകയും ചെയ്യുന്നുവെന്ന് ഒരു ക്രിസ്ത്യാനിക്ക് പറയാൻ കഴിയുമോ? ഒരിക്കലുമില്ല. സംസാരിക്കുന്ന ദൈവം ഒന്നേയുള്ളൂ. അത് ഇസ്‌ലാമിന്റെ ദൈവമാണ്, അത് ഖുർആൻ സമർപ്പിച്ച ദൈവമാണ്. ***ഉദ്ഊനീ അസ്തജിബ് ലക്കും*** നിങ്ങളെന്നോട് ചോദിക്കുക ഞാൻ നിങ്ങൾക്ക് മറുപടി തരുമെന്ന് അവൻ പറഞ്ഞിരിക്കുന്നു. ഇത് തികച്ചും സത്യമാണ്. ഒരുകാലംവരെ സദുദ്ദേശ്യത്തോടും ശുദ്ധഹൃദയത്തോടുംകൂടി അല്ലാഹുവിൽ വിശ്വസിക്കുന്ന ആരെങ്കിലും ഉണ്ടെങ്കിൽ, അവൻ തന്റെ ആത്മാവിനോടു പോരാടിക്കൊണ്ടിരിക്കുകയും ദുആ ചെയ്തുകൊണ്ടിരിക്കുകയും



ചെയ്താൽ, അവസാനം അവന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം തീർച്ചയായും നല്കപ്പെടും. കാളക്കുട്ടിയെ ആരാധിക്കുകയും അതിനെ ദൈവമാക്കിവയ്ക്കുകയും ചെയ്യുന്നവരെക്കുറിച്ച് വിശുദ്ധഖുർആനിൽ ഒരിടത്ത് വന്നിരിക്കുന്നു. ***ഇല്ലാ യർജിഉ ഇലയ്ഹിം ഖൗലാ***. അത് അവരുടെ ഒരു വാക്കിനും അവർക്കു മറുപടി നല്കുന്നില്ല. (20:90)

ഇതിൽനിന്ന് വ്യക്തമായും മനസ്സിലാകുന്നത് സംസാരിക്കാത്ത ദൈവം കാളക്കുട്ടി തന്നെയാണെന്നാണ്."

നമ്മുടെ ഈമാനെ ശക്തിപ്പെടുത്തുന്നതിനും അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതിനും അല്ലാഹു നമ്മെ ദുആ പഠിപ്പിച്ചിരിക്കുന്നു. ഇത് നമ്മുടെ ഈമാന്റെ ദൃഢതയ്ക്കുവേണ്ടി മാത്രമല്ല, പ്രത്യുത നമ്മുടെ മക്കളുടെ ഈമാനുവേണ്ടിയും കൂടിയുള്ളതാണ്. അല്ലാഹുവിൽ വിശ്വസിക്കുന്നതിന്റേയും അവന്റെ മുമ്പിൽ കുനിഞ്ഞുകൊണ്ടിരിക്കുന്നതിന്റേയും അവനോട് പ്രാർത്ഥിക്കുന്നതിന്റേയും പരമ്പര തലമുറ തലമുറയായി മുന്നോട്ടുപോകുന്നതിനുവേണ്ടിയാണ്. ഇതിന്റെ പ്രാധാന്യത്തെ മുമ്പിൽ കണ്ടുകൊണ്ടാണ്, നമസ്കാരത്തിൽ അത്തഹിയ്യാത്തിലിരുന്നുകൊണ്ട് ഇങ്ങനെ ദുആ ചെയ്യുന്നത്.

***റബ്ബിജ്അൽനീ മുഖീമസ്സലാത്തി വമിൻ ദുർരിയ്യത്തീ റബ്ബനാ വ തഖബ്ബൽ ദുആഅ്***

എന്റെ രക്ഷിതാവേ, എന്നെ നീ നമസ്കാരം നിലനിറുത്തുന്നവരിൽ ആക്കേണമേ! എന്റെ സന്താനങ്ങളേയും. ഞങ്ങളുടെ രക്ഷിതാവേ, എന്റെ പ്രാർത്ഥന നീ സ്വീകരിക്കേണമേ!

ഒരു വേദനയോടുകൂടി നമ്മൾ എപ്പോഴും ഈ ദുആ ചെയ്തുകൊണ്ടിരിക്കുമ്പോൾ, പ്രത്യേകമായ എന്തെങ്കിലും ഉദ്ദേശ്യത്തിനുവേണ്ടി അല്ലാഹുവിന്റെ സന്നിധിയിൽ ഗതിമുട്ടിയവ

*(ശേഷം 3-ാം പേജിൽ)*

# അഫ്ഗാനിൽ കറുപ്പ് കൃഷി വർദ്ധിക്കുന്നു

അഫ്ഗാനിസ്ഥാനിലെ മയക്കുമരുന്ന്കൃഷി പുതിയ മാനങ്ങൾ തേടുന്നു. താലിബാന്റെ തകർച്ചയ്ക്കു ശേഷം ഒട്ടൊന്നടങ്ങിയിരുന്ന കറുപ്പ് (ആപിൻ)കൃഷി കഴിഞ്ഞ ഏതാനും വർഷങ്ങളായി വൻതോതിൽ നടക്കുകയാണ്. മയക്കുമരുന്നിനും, കുറ്റകൃത്യങ്ങൾക്കുമായുള്ള യു.എൻ. സമിതിയുടെ കണക്കനുസരിച്ച് മുൻവർഷത്തെക്കാളും 49% വർദ്ധനവ് ഈ വർഷം കറുപ്പുകൃഷിയിൽ കാണപ്പെട്ടു. കോടിക്കണക്കിന് ഡോളർ കറുപ്പ്കൃഷി നിർമ്മാർജ്ജനത്തിനായി വിനിയോഗിക്കപ്പെടുന്ന അവസരത്തിലാണിതെന്നത് ഏറെ ശ്രദ്ധാർഹമാണ്.

അഫ്ഗാനിലെ കറുപ്പ്കൃഷിയിലെ വർദ്ധനവും തെക്കേ അഫ്ഗാനിസ്ഥാനിലെ വീണ്ടും ശക്തിപ്പെടുന്ന താലിബാൻ സാന്നിധ്യവും തമ്മിൽ ശക്തമായ ബന്ധമുണ്ട്. ഓപ്പിയം കൃഷിക്കാർക്ക് ഈ മേഖലയിൽ സകല സംരക്ഷണവും നൽകുന്നത് ഇവിടെ കേന്ദ്രീകരിക്കുന്ന തീവ്രവാദി വിഭാഗങ്ങളാണ്. ഈ ഭാഗത്ത് അഫ്ഗാൻ ഗവർമ്മെന്റിന് കാര്യമായ നിയന്ത്രണമൊന്നുമില്ല. നിരന്തരമായി ഗവർമ്മെന്റ് സേനയേയും അന്താരാഷ്ട്ര സമാധാന പരിപാലനസേനയേയും ആക്രമിച്ച് പ്രകോപനം സൃഷ്ടിക്കുകയാണ് പഴയ താലിബാൻ തീവ്രവാദികൾ. ഇക്കൂട്ടർ കറുപ്പ് കൃഷിയിലേർപ്പെടുന്ന മുഴുവൻ ആളുകൾക്കും വലിയ പിന്തുണ നല്കുന്നു. കൃഷിക്കാർ തുടങ്ങി കറുപ്പ് വിപണിയിലെത്തിക്കുന്ന ആളുകൾക്കുവരെ ശക്തമായ പിൻബലമായി തീവ്രവാദികൾ രംഗത്തുണ്ട്. പകരം തീവ്രവാദ പ്രവർത്തനങ്ങൾക്കുള്ള പണം ഓപ്പിയം കൃഷിയിലൂടെ ലഭിക്കുന്നു.

ഈ വർഷത്തെ ഓപ്പിയം വിളവ് 6100 മെട്രിക് ടൺ കവിഞ്ഞിരിക്കുന്നു. ലോകത്തിലെ കറുപ്പ്കൃഷിയുടെ 92%വും അഫ്ഗാനിൽ നിന്നാണ്. ലോകഉപഭോഗ നിലവാരത്തെക്കാളും 30% കൂടുതലാണിത്. ഇതിന് മുമ്പ് ഏറ്റവും കൂടുതൽ ഓപ്പിയം വിളവുണ്ടായത് 1999 ലാണ്. അന്ന് 14600 മെട്രിക് ടൺ ഓപ്പിയം വിളവെടുത്തിരുന്നു. അക്കാലത്ത് അഫ്ഗാൻ താലിബാൻ ഭരണത്തിലായിരുന്നു. ഓപ്പിയം കൃഷി ചെയ്യുന്ന ഭൂമിയുടെ കാര്യത്തിലും വലിയ വർദ്ധനവുണ്ടായി. 2005-ൽ ഓപ്പിയം കൃഷി 1,04,000 ഹെക്ടറുകളിലായിരുന്നുവെങ്കിൽ 2006-ൽ ഇത് 1,65,000 ഹെക്ടറുകളായി വർദ്ധിച്ചു.

ഇത്തരത്തിലുള്ള ഭീമമായ വർദ്ധനവിൽ അഫ്ഗാൻ പ്രസിഡന്റ് ഹമീദ് കർസായി ആശങ്ക രേഖപ്പെടുത്തി. ലോകരാജ്യങ്ങളോടും, അന്താരാഷ്ട്ര ഏജൻസികളോടും അഫ്ഗാനിലെ പോലീസ്-മിലിട്ടറി സംവിധാനത്തെ മെച്ചപ്പെടുത്താനുള്ള നീക്കങ്ങൾക്ക് പിന്തുണയേകാൻ അദ്ദേഹം അഭ്യർത്ഥിച്ചു.

(അവലംബം, ദ ഹിന്ദു)

# ഭൗതികതയോടുള്ള ആസക്തി വെടിഞ്ഞ് ആത്മീയതയിലേക്ക് തിരിയുക : ബി.ബി. അഹ്മദ് കബീർ സാഹിബ്

ആശിഖ്.ടി

**ലക്കിടി (വയനാട്) ആഗസ്റ്റ്19 :** അഹ്മദീയുവാക്കൾ ഭൗതികതയോടുള്ള അമിതമായ ആസക്തിയിൽ അകപ്പെടാതെ ആത്മീയ ലോകത്തിലേക്ക് തങ്ങളുടെ ശ്രദ്ധ തിരിക്കണമെന്ന് എറണാകുളം മേഖലാ അമീറും ഖുദ്ദാമുൽ അഹ്മദിയ്യാ സദർ സാഹിബിന്റെ പ്രതിനിധിയുമായ ബി.ബി. അഹ്മദ് കബീർ സാഹിബ് ആഹ്വാനം ചെയ്തു. വയനാട്ടിലെ ലക്കിടിയിൽ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഉത്തര കേരള ദ്വിദിന ഇജ്തിമ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അറിവും പാണ്ഡിത്യവും ഇന്ന് മാനിക്കപ്പെടാതെ പോവുകയാണ്. പകരം എല്ലാ രംഗങ്ങളിലും സമ്പത്ത് ഒരു മാനദണ്ഡമായി കടന്നുവരുന്നു. ഈ അവസ്ഥയ്ക്ക് മാറ്റമു




ണ്ടാക്കാനും കേരളത്തിലെ മൂന്നുകോടി ജനങ്ങൾക്ക് നേർമാർഗ്ഗം കാണിച്ചുകൊടുക്കാനും അല്ലാഹു തിരഞ്ഞെടുത്ത യുവതയാണ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായെന്നും അദ്ദേഹം തുടർന്നു പറഞ്ഞു. ചടങ്ങിൽ ഉത്തര കേരള ഖാഇദ് ഡോ. സലാഹുദ്ദീൻ സാഹിബ് അധ്യക്ഷനായിരുന്നു. കോഴിക്കോട് മേഖലാ അമീർ എ.പി. കുഞ്ഞാമു സാഹിബ്, കണ്ണൂർ മേഖലാ അമീർ എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ്, മജ്‌ലിസ് അൻസാറുല്ല സംസ്ഥാന നാസിം പി.പി. നാസിറുദ്ദീൻ സാഹിബ് എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. ചീഫ് മിഷനറി മൗലാനാ മുഹമ്മദ് ഉമർ സാഹിബ് മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. യാസർ അറഫാത്ത് സാഹിബ് ഖുർആൻ പാരായണം നടത്തി. ഉത്തരമേഖലാ മുഅ്തമിദ് ശമീം സാഹിബ് വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. കെ. മുസഫർ അഹ്മദ് സാഹിബ് പദ്യം ചൊല്ലി. അഖിലേന്ത്യാ സദർ സാഹിബിൽ നിന്നുള്ള സന്ദേശം ബി.ബി. അഹ്മദ് കബീർ സാഹിബ് വായിച്ചു കേൾപ്പിച്ചു.




ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് ഇലാഖാ ഇജ്തിമയിൽ ഇലാഖാ ഖാഇദ് ടി.കെ.അബൂബക്കർ സാഹിബ് സംസാരിക്കുന്നു. (രണ്ടാം പേജ് കാണുക)

### ദീനി പരീക്ഷ അറിയിപ്പ്

ഖുദ്ദാമുൽ അഹ്മദിയ്യായുടെയും അത്ഫാലുൽ അഹ്മദിയ്യായുടെയും ദീനി പരീക്ഷ ഒക്ടോബർ 29 ന് നടത്തുന്നതാണ്.

സെക്രട്ടറി തഅ്‌ലീം, നോർത്ത് ഇലാഖ

## തർബിയ്യത്ത് ക്യാമ്പ്

**കണ്ണൂർ സിറ്റി, സപ്തംബർ 5:** കണ്ണൂർ സിറ്റി ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ഖുദ്ദാം അത്ഫാൽ ഏകദിന തർബിയ്യത്ത് ക്യാമ്പ് നടത്തി. മൗലവി ശഫീഖ് അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്തു. ടൗൺ ഖാഇദ് ടി. ഷാജിർ അഹ്മദ് സാഹിബ് ആശംസാ പ്രസംഗം നടത്തി. സിറ്റി ഖാഇദ് പി. ശഫി അഹ്മദ് സാഹിബ് അദ്ധ്യക്ഷനായിരുന്നു.

ഉച്ചയ്ക്ക് ശേഷം നടന്ന തർബിയ്യത്ത് ക്ലാസ്സിൽ കണ്ണൂർ ടൗൺ സഈം കെ. അബ്ദുൽ അസീസ് സാഹിബ് പ്രസംഗ കലയെക്കുറിച്ച് സംസാരിച്ചു. അംഗങ്ങളെ രണ്ട് ഗ്രൂപ്പുകളാക്കി മാറ്റിക്കൊണ്ട് 'ഈസാനബിയുടെ മരണം' എന്ന വിഷയത്തെ സംബന്ധിച്ച് ചർച്ച സംഘടിപ്പിച്ചു. വിവിധ വൈജ്ഞാനിക പരിപാടികളും ക്യാമ്പിന്റെ ഭാഗമായി നടത്തപ്പെട്ടു.

## തർബിയ്യത്ത് മീറ്റിംഗ്

**കണ്ണൂർ ടൗൺ, ആഗസ്റ്റ് 27:** കണ്ണൂർ ടൗൺ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ യഅ്ജൂജ്-മഅ്ജൂജിനെ സമകാലീന പശ്ചാത്തലത്തിൽ വിശകലനം ചെയ്യുന്ന ഒരു തർബിയ്യത്ത് ക്ലാസ്സ് സംഘടിപ്പിച്ചു. മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് ക്ലാസ്സെടുത്തു. യഅ്ജൂജ്-മഅ്ജൂജിനെ ശാസ്ത്രീയവും യുക്തിഭദ്രവുമായി വിശകലനം നടത്തിയ മൗലവി ഇസ്മായീൽ സാഹിബ് ഈ വിഷയത്തെക്കുറിച്ചുള്ള അഹ്മദിയ്യാ പരിപ്രേക്ഷ്യം സരളമായ ഭാഷയിൽ അവതരിപ്പിച്ചു. ഖാഇദ് ടി. ഷാജിർ അഹ്മദ് അധ്യക്ഷനായിരുന്നു. സുബിൻ അഷ്റഫ് സ്വാഗതവും നിഷാദ് അസീസ് നന്ദിയും പറഞ്ഞു.

## ലജ്നാ ഇമായില്ലാഹ് ഏകദിന തർബിയ്യത്ത് ക്യാമ്പ് നടത്തി

**കണ്ണൂർസിറ്റി, ആഗസ്റ്റ് 20:** കണ്ണൂർ സിറ്റി ലജ്ന ഇമായില്ലായുടെ ആഭിമുഖ്യത്തിൽ ലജ്ന, നാസിറാത്ത് സംയുക്ത തർബിയ്യത്ത് ക്യാമ്പ് നടത്തി. കണ്ണൂർ സിറ്റി അഹ്മദിയ്യാ മസ്ജിദിൽ ലജ്ന പ്രസിഡന്റ് ജുവൈരിയ ഗൗഹർ സാഹിബയുടെ അധ്യക്ഷതയിൽ ടി. താഹിറ സാഹിബ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. റശീദ ഗഫൂർ സാഹിബ, സഫൂറ ശഫി സാഹിബ, ടി. സമീറ ശംസുദ്ദീൻ സാഹിബ എന്നിവർ തർബിയ്യത്ത് ക്ലാസ്സുകളെടുത്തു. സാജിദ ഹാരിസ് സാഹിബ പാചകക്ലാസ്സ് നടത്തി. കവിയരങ്ങ്, വിവിധ വൈജ്ഞാനിക മത്സരങ്ങൾ, വിനോദയാത്ര എന്നിവയും ക്യാമ്പിന്റെ ഭാഗമായി നടത്തിയിരുന്നു. യു. റൂബിയനൗഷാദ് സാഹിബ ഖുർആൻ പാരായണം നടത്തി. ടി. സനീറ സാഹിബ സ്വാഗതവും കെ.ടി. തസ്‌ലീമ സാഹിബ നന്ദിയും പറഞ്ഞു.

## സൗത്ത് കേരള മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഇജ്തിമയ്ക്ക് ആവേശകരമായ സമാപനം.

പ്രത്യേക പ്രതിനിധി




എറണാകുളം മസ്ജിദിൽ വെച്ച് ആഗസ്റ്റ് 12,13 തീയതികളിൽ സംഘടിപ്പിക്കപ്പെട്ട സൗത്ത് കേരള മജ്‌ലിസ് ഖുദ്ദാമുൽ - അത്ഫാലുൽ അഹ്മദിയ്യ ഇജ്തിമ വിജയകരമായി സമാപിച്ചു. ആഗസ്റ്റ് 12 ശനിയാഴ്ച രാവിലെ പതാക ഉയർത്തലോടെ ആരംഭിച്ച ഇജ്തിമയുടെ ഉദ്ഘാടനം നിർവഹിച്ചത് കേന്ദ്ര പ്രതിനിധിയായി നിയോഗിക്കപ്പെട്ട എറണാകുളം മേഖല അമീർ ബി.ബി. അഹ്മദ് കബീർ സാഹിബാണ്. സൗത്ത് കേരള ഖാഇദ് ടി.കെ.അബൂബക്കർ സാഹിബ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ആശംസകൾ നേർന്നുകൊണ്ട് നോർത്ത് കേരള ഖാഇദ് ഡോ. സലാഹുദ്ദീൻ സാഹിബ്, എറണാകുളം മേഖല നാസിം അൻസാറുല്ലാഹ് സജീദ് പടിയത്ത് സാഹിബ് എന്നിവർ സംസാരിക്കുകയുണ്ടായി. സൗത്ത് കേരള ഇശാഅത്ത് വകുപ്പ് തയ്യാറാക്കിയ സോവനീറിന്റെ പ്രകാശനം കേന്ദ്ര പ്രതിനിധി ബി.ബി.അഹ്മദ് കബീർ സാഹിബ്, നോർത്ത് ഇലാഖാ ഖാഇദ് ഡോ. സലാഹുദ്ദീൻ സാഹിബിന് നല്കിക്കൊണ്ട് നടത്തുകയുണ്ടായി. സദർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ ഇജ്തിമ സന്ദേശം തദവസരത്തിൽ മൗലവി എം. നാസിർ അഹ്മദ് സാഹിബ് സദസ്സിനെ വായിച്ചുകേൾപ്പിക്കുകയുണ്ടായി.

ഇജ്തിമയിൽ തർബിയ്യത്തി പ്രഭാഷണങ്ങളും ഖാദിം അത്ഫാൽ സഹോദരങ്ങൾക്കായി വൈജ്ഞാനിക മത്സരങ്ങളും സംഘടിപ്പിക്കപ്പെട്ടിരുന്നു. ഖാദിംകളോടുള്ള ഖലീഫത്തുൽ മസീഹിന്റെ നിർദ്ദേശങ്ങൾ, ഇസ്‌ലാമിക വൈവാഹിക ജീവിതം, ഈജിപ്തോളജി, അത്ഫാലുൽ അഹ്മദിയ്യ- ഒരു മാതൃക ബാലസംഘം, സ്വഹാബാ ചരിത്രം എന്നീ വിഷയങ്ങളെ ആസ്പദമാക്കി യഥാക്രമം മൗലവി മുഹമ്മദ് നജീബ് ഖാൻ സാഹിബ്, മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ്, സത്യദൂതൻ എഡിറ്റർ ജനാബ് എ.എം. മുഹമ്മദ് സലീം സാഹിബ്, മൗലവി മൻസിൽ അഹ്മദ് സാഹിബ്, മൗലവി അമീൻ മുഹമ്മദ് സാഹിബ് എന്നിവർ ക്ലാസെടുക്കുകയുണ്ടായി.

നബി(സ) യ്ക്കെതിരെയുള്ള ആക്ഷേപങ്ങളും അവയ്ക്കുള്ള മറുപടികളേയും ആസ്പദമാക്കി സംഘടിപ്പിക്കപ്പെട്ട ചർച്ചാവേദി ഒരു നല്ല അനുഭവമായി മാറി. മൗലവി എം.നാസിർ അഹ്മദ് സാഹിബ് മോഡറേറ്റർ ആയിരുന്ന ചർച്ചാവേദിയിൽ ബി.ബി.അഹ്മദ് കബീർ സാഹിബ്, പി.വി.നാസർ അഹ്മദ് സാഹിബ്, ഇ.എച്ച്.നജീബ് സാഹിബ്, നൗഷാദ് പള്ളുരുത്തി തുടങ്ങിയവർ പങ്കെടുക്കുകയുണ്ടായി. ജനാബ് അബ്ദുൽ ഖുദ്ദൂസ് കലീം സാഹിബ് കരുനാഗപ്പള്ളി നേതൃത്വം കൊടുത്ത പ്രശ്നോത്തരിയും ശ്രോതാക്കളിൽ മികച്ച പ്രതികരണം ഉണ്ടാക്കുകയുണ്ടായി.

ആഗസ്റ്റ് 13-ാം തിയതി ഞായറാഴ്ച ഉച്ച കഴിഞ്ഞ് കേന്ദ്ര പ്രതിനിധി ജനാബ് ബി.ബി.അഹ്മദ് കബീർ സാഹിബിന്റെ അധ്യക്ഷതയിൽ ആരംഭിച്ച സമാപന സമ്മേളനത്തിൽ, ഇലാഖാ ഖാഇദ് ടി.കെ.അബൂബക്കർ സാഹിബ്, തിരുവനന്തപുരം മേഖല അമീർ പ്രൊഫ.അബ്ദുൾ ജലീൽ സാഹിബ് തുടങ്ങിയവരുടെ സാന്നിദ്ധ്യമുണ്ടായിരുന്നു. ചടങ്ങിൽ വൈജ്ഞാനിക മത്സരങ്ങളിൽ സമ്മാനം കരസ്ഥമാക്കിയ പ്രതിഭകൾക്ക് സമ്മാന വിതരണം നടക്കുകയുണ്ടായി. അത്ഫാൽ ജൂനിയർ വിഭാഗത്തിൽ വ്യക്തിഗത ചാമ്പ്യനായി മാത്ര ജമാഅത്തിലെ തഖ്‌വ ഹുസൈനെയും സീനിയർ വിഭാഗത്തിൽ കാക്കനാട് ജമാഅത്തിലെ ബി.നിശാൻ അഹ്മദിനെയും തിരഞ്ഞെടുത്തു. ഖാദിമീങ്ങളിലെ വ്യക്തിഗത ചാമ്പ്യനായി കരുനാഗപ്പള്ളി ജമാഅത്തിലെ സാബിത്ത് ബി അഹ്മദ് സാഹിബ് തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. ഓവറോൾ ചാമ്പ്യൻഷിപ്പ് കരുനാഗപ്പള്ളി മജ്‌ലിസ് കരസ്ഥമാക്കി. പി.എ.അർഷാദ് സാഹിബിന്റെ നന്ദി പ്രകടനത്തിനുശേഷം ദുആയോടെ ഇജ്തിമയ്ക്ക് സമാപനം കുറിച്ചു.

## ആശയ പ്രചാരണത്തിൽ മുന്നിട്ടിറങ്ങുക

എ.പി. കുഞ്ഞാമു സാഹിബ്

**മാത്തോട്ടം (കോഴിക്കോട്):** ഖുദ്ദാമുൽ അഹ്മദിയ്യായുടെ എല്ലാ പ്രവർത്തനങ്ങളിലും മുഴുവൻ ഖാദിംകളുടെയും പങ്കാളിത്തം ഉറപ്പുവരുത്തണമെന്നും ഖാദിംകൾ അഹ്മദിയ്യാ ജമാഅത്തിന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിൽ മുന്നിട്ടിറങ്ങണമെന്നും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ കോഴിക്കോട് മേഖലാ അമീർ എ.പി. കുഞ്ഞാമു സാഹിബ് ആഹ്വാനം ചെയ്തു. കോഴിക്കോട്, മാത്തോട്ടം മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഇജ്തിമ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. തഹജ്ജുദ് നമസ്കാരത്തോടെ ആരംഭിച്ച ഇജ്തിമ വൈകുന്നേരം 6 മണിക്ക് സമാപിച്ചു. മൗലാനാ മുഹമ്മദ് ഉമർ സാഹിബ്, മൗലവി സഫർ അഹ്മദ് സാഹിബ് എന്നിവർ തർബിയ്യത്ത് ക്ലാസ്സുകളെടുത്തു. ഇലാഖാ ഖാഇദ് ഡോ. സലാഹുദ്ദീൻ സാഹിബ് അധ്യക്ഷം വഹിച്ചു.

## സമാധാനപരമായ പ്രവർത്തനത്തിലൂടെ സമൂഹത്തെ സേവിക്കുക : ശ്രീ. ജോസ് ബേബി

പ്രത്യേക പ്രതിനിധി

**അലനല്ലൂർ, ആഗസ്റ്റ് 15:** സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ പുരോഗതിയും ഗുണവും അപ്രസക്തമാക്കുന്ന സ്ഫോടനാത്മകമായ സ്ഥിതിവിശേഷങ്ങൾ നിലനിൽക്കുന്ന ഈ കാലഘട്ടത്തിൽ സമാധാനപരമായ പ്രവർത്തനങ്ങളിലൂടെ സമൂഹത്തെ സേവിക്കുകയാണ് ആവശ്യമെന്ന് കേരള നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ജോസ് ബേബി പറഞ്ഞു. അലനല്ലൂർ ക്രൗൺ ആഡിറ്റോറിയത്തിൽ നടന്ന അഹ്മദിയ്യാ മുസ്‌ലിം പാലക്കാട് മേഖലാ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഉല്പതിഷ്ണുക്കളായ അഹ്മദിയ്യാ പ്രസ്ഥാനപ്രവർത്തകർക്ക് സമൂഹനന്മയ്ക്കായി പ്രവർത്തിക്കാനാകുന്നുണ്ടെന്ന് അദ്ദേഹം തുടർന്നു പറഞ്ഞു. മേഖലാ അമീർ പ്രൊഫ. എം.കെ. അബ്ദുൽ കരീം സാഹിബ് അധ്യക്ഷനായിരുന്നു. മൗലവി മുഹമ്മദ് ഉമർ സാഹിബ്, മൗലവി ഗുലാം അഹ്മദ് ഇസ്മായീൽ സാഹിബ്, മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ് എന്നിവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകളെടുത്തു. മൗലവി ഹിദായത്തുല്ലാ ഖാൻ സഖാഫി ഖുർആൻ പാരായണം നടത്തി. അലനല്ലൂർ ജമാഅത്ത് പ്രസിഡന്റ് എം. അബ്ദുൽ ബശീർ സാഹിബ് സ്വാഗതം പറഞ്ഞു. ചടങ്ങിൽവെച്ച് എസ്.എസ്. എൽ.സി, പ്ലസ്ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

## ഖുർആൻവാരം ആചരിച്ചു

**തിരുവിഴാംകുന്ന്:** മുറിയക്കണ്ണി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 1 മുതൽ 7 വരെ ഖുർആൻ വാരം ആചരിച്ചു. ദിവസവും മഗ്‌രിബ് നമസ്ക്കാരാനന്തരം നടന്ന യോഗങ്ങളിൽ നാസിർ അഹ്മദ്, ഫസൽ അഹ്മദ്, കെ.ബഷീർ സാഹിബ്, കെ. നൂറുദ്ദീൻ സാഹിബ്, മുസദ്ദിഖ് അഹ്മദ്, മുഹ്സിൻ അഹ്മദ്, നജ്മുദ്ദീൻ സാഹിബ് എന്നിവർ ഖുർആൻ പാരായണവും, നസീം അഹ്മദ്, താഹിർ അഹ്മദ്, അബ്ദുസ്സലാം സാഹിബ്, അബ്ദുൽ ജലാൽ സാഹിബ്, വസീം അഹ്മദ് എന്നിവർ പദ്യപാരായണവും നിർവഹിച്ചു.

കെ. അയമുമാസ്റ്റർ, ടി. കുഞ്ഞീതുമാസ്റ്റർ, മൗലവി ഹിദായത്തുല്ലാ സാഹിബ്, ഇഫ്തിഖാറുദ്ദീൻ സാഹിബ്, ടി. രായുസാഹിബ്, കെ. ബഷീർ സാഹിബ് എന്നിവർ അധ്യക്ഷത വഹിച്ചു. വിവിധ വിഷയങ്ങളെക്കുറിച്ച് മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ്, മൗലവി ഹിദായത്തുല്ലാ സഖാഫി, മൗലവി ഗുലാം അഹ്മദ് ഇസ്മായീൽ സാഹിബ്, മൗലവി പി. യൂസുഫ് സാഹിബ്, മൗലവി. കെ. നജ്മുദ്ദീൻ സാഹിബ്, പി. നൗഷാദ് സാഹിബ്, മൗലവി മുനവ്വർ അഹ്മദ് സാഹിബ് എന്നിവർ ക്ലാസ്സെടുത്തു.

സമാപന ദിവസം ക്ലാസ്സുകളെ ആസ്പദമാക്കി ക്വിസ്സ് പ്രോഗ്രാം സംഘടിപ്പിക്കുകയുണ്ടായി. കെ. ബഷീർ സാഹിബ് ഒന്നാം സ്ഥാനം കരസ്ഥമാക്കി.





നോർത്ത് ഇലാഖ ഇജ്തിമയിലെ വ്യക്തിഗത ചാമ്പ്യൻ ടി.കെ.മുബശിർ അഹ്മദ് ട്രോഫി സ്വീകരിക്കുന്നു.

## ഉന്നത വിജയികളെ ആദരിച്ചു

**പത്തപ്പിരിയം:** ഈ വർഷത്തെ എസ്.എസ്. എൽ.സി., പ്ലസ്ടു, ബിരുദപരീക്ഷകളിൽ ഉയർന്ന മാർക്ക് നേടി വിജയിച്ചവരെ പത്തപ്പിരിയം ജമാഅത്ത് ആദരിക്കുകയും അവർക്ക് ഉപഹാരങ്ങൾ നൽകുകയും ചെയ്തു. തബ്‌ലീഗ് സെക്രട്ടറി സി. അൻവർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മേഖലാ അമീർ പി. മുഹമ്മദലി മാസ്റ്റർ സാഹിബ് ഉപഹാരങ്ങൾ വിതരണം ചെയ്തു. മൗലവി പി. അബ്ദുൽ നാസിർ സാഹിബ് മുഖ്യ പ്രഭാഷണം നടത്തി. കെ.പി. മുഹമ്മദ് സാഹിബ്, പി. അബ്ദുൽ അമീർ സാഹിബ്, എം.എ.യൂസഫലി സാഹിബ്, എ.കെ. മുജീബ് സാഹിബ് എന്നിവർ സംബന്ധിച്ചു.

## സ്വീകരണം നൽകി



**പത്തപ്പിരിയം:** ഈ വർഷം കോഴിക്കോട് സർവ്വകലാശാലയിൽ നിന്നും ബി.എ. അഫ്ളലുൽ ഉലമ പരീക്ഷയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ പത്തപ്പിരിയം മജ്‌ലിസിലെ എ.കെ. മുജീബിന് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സ്വീകരണം നൽകി. ചടങ്ങിൽ ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഉപഹാരം മലപ്പുറം മേഖലാ അമീർ പി. മുഹമ്മദലി മാസ്റ്റർ സാഹിബ് നൽകുകയുണ്ടായി. ഖാഇദ് സി.എച്ച്. മുഹമ്മദ് സാലിഹ് അധ്യക്ഷനായിരുന്നു. മൗലവി പി. നാസിർ അഹ്മദ് സാഹിബ്, മൗലവി എൻ. ശഫീഖ് അഹ്മദ് സാഹിബ്, കെ.പി. മുഹമ്മദ് സാഹിബ്, പി. അബ്ദുൽ അമീർ സാഹിബ് എന്നിവർ സംബന്ധിച്ചു.

## എസ്.എസ്.എൽ.സി വിജയികളെ അനുമോദിച്ചു

**കോഴിക്കോട്:** ഈ വർഷം എസ്.എസ്.എൽ.സി. വിജയിച്ച കോഴിക്കോട്, മാത്തോട്ടം മജ്‌ലിസുകളിലെ കുട്ടികൾക്ക് ഖുദ്ദാമുൽ അഹ്മദിയ്യാ ഏർപ്പെടുത്തിയ സമ്മാനങ്ങൾ സത്യദൂതൻ പത്രാധിപർ ജ: എ.എം. മുഹമ്മദ് സലിം സാഹിബ് വിതരണം ചെയ്തു.

# ബ്രിട്ടീഷ് മുസ്‌ലിംകൾ: പുതിയ പ്രശ്നങ്ങൾ

**അൽഹഖ് ന്യൂസ് ഡെസ്ക്**

ബ്രിട്ടീഷ് മുസ്‌ലിം സമൂഹം ഭീതിയിലാഴുന്നു. യു.എസ്. വിമാനങ്ങളെ തകർക്കാനുള്ള ഭീകരപദ്ധതി പൊളിഞ്ഞതിനെ തുടർന്ന് മുസ്‌ലിം യുവാക്കളെ പലയിടത്തും അറസ്റ്റ് ചെയ്തതോടെയാണിത്. സംഭീതമായ ഈ അന്തരീക്ഷത്തിൽ ലണ്ടനിലെ മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിലും ബെർമിംഗ്ഹാം, ഹൈപൈകോംബ് തുടങ്ങിയിടങ്ങളിലും അറസ്റ്റും റെയ്ഡും നടന്നു. പാക്കിസ്ഥാനിലെ കറാച്ചിയിൽ അൽ-ഖയിദ ബന്ധം ആരോപിച്ച് ഏതാനും ബ്രിട്ടീഷ് പൗരന്മാരെ കസ്റ്റഡിയിലെടുത്തതിന്റെയടിസ്ഥാനത്തിലാണ് പോലീസ് പുതിയ നീക്കങ്ങൾ ആരംഭിച്ചത്. പാക്കിസ്ഥാനിൽ വേരുകളുള്ള ബ്രിട്ടീഷ് മുസ്‌ലിംകളാണിവരെന്ന് കരുതപ്പെടുന്നു.

മാസങ്ങൾക്ക് മുമ്പ് ലണ്ടൻ നഗരത്തിലെ റെയിൽ ഗതാഗതസംവിധാനത്തിൽ നടന്ന ബോംബ് സ്ഫോടനങ്ങളോടുകൂടിത്തന്നെ ബ്രിട്ടനിൽ മുസ്‌ലിം ലോകം സംശയത്തിന്റെ നിഴലിലായിരുന്നു. ബ്രിട്ടനിൽ പുതിയ നിയമം വരുന്നത് ന്യൂനപക്ഷങ്ങൾക്കെതിരായുള്ള ബോധപൂർവ്വമായ നീക്കമാണെന്ന് ബ്രിട്ടനിലെ ഏറ്റവും ഉയർന്ന മുസ്‌ലിം പോലീസ് ഉദ്യോഗസ്ഥനായ താരീഖ് ഗഫൂർ പറയുന്നു. ഇദ്ദേഹം ഇപ്പോൾ അസിസ്റ്റന്റ് കമ്മീഷണർ റാങ്കിലാണ് ജോലി ചെയ്യുന്നത്. കൂടാതെ ഏഷ്യൻ വംശജർ ഇടയ്ക്കിടെയുള്ള പരിശോധനകൾക്കും തടഞ്ഞുവെക്കലുകൾക്കും വിധേയരാവുന്നു. ഈ വർഷം ജൂൺമാസത്തിൽ 250-ഓളം വരുന്ന പോലീസുദ്യോഗസ്ഥർ ഈസ്റ്റ് ലണ്ടനിലെ ഒരു വീട് റെയ്ഡ് ചെയ്ത് മുഹമ്മദ് അബ്ദുൾ കഹാർ, അബ്ദുൾ കോയാർ എന്നീ രണ്ട് സഹോദരങ്ങളെ അറസ്റ്റ് ചെയ്തിരുന്നു. ഇതിൽ കാഹാറിന് ചുമലിൽ വെടിയേൽക്കുകയുമുണ്ടായി. എന്നാൽ ഏതാനും ദിവസങ്ങൾക്കുള്ളിൽത്തന്നെ ഇവർ നിരുപാധികം വിട്ടയക്കപ്പെട്ടു. മുസ്‌ലിംകൾക്കെതിരെയുള്ള വിവിധ നീക്കങ്ങളുടെ അടിസ്ഥാനത്തിൽ ലണ്ടനിലെ ഈസ്റ്റ് എൻഡ് പള്ളി, ഈയ്യിടെ യാതൊരു മുന്നറിയിപ്പും കൂടാതെ അടച്ചുപൂട്ടി. വിശ്വാസികൾക്ക് യാതൊരു മുന്നറിയിപ്പും നൽകാതെയായിരുന്നു ഇത്. ലണ്ടനിലെ മുസ്‌ലിം ജനസാമാന്യത്തിന്റെ ഏറിയകൂറും വരുന്ന പാക്കിസ്ഥാൻ-ബംഗ്ലാദേശ് വംശജർ ഇതിൽ അത്യന്തം നിരാശാജനകരാണ്. ബ്രിട്ടനിലെ മുസ്‌ലിം കൗൺസിൽ അസി. സിക്രട്ടറി ജനറൽ ഇനായത്ത് ബംഗ്ലാവാല ഈ സാഹചര്യത്തെക്കുറിച്ച് ഇങ്ങനെ പറയുന്നു. "ഏതാനും ആളുകൾ മുസ്‌ലിംകളെ ഭീകരവാദത്തിന്റെ സംരക്ഷകരായി മനഃപൂർവ്വം ആരോപിക്കുകയാണ്. സഹജീവികളെ സംഹരിക്കുന്ന ക്രൂരന്മാരായി മുസ്‌ലിംകളെ കാണാൻ ഇവർ പലവിധത്തിലും പ്രചരണമഴിച്ചുവിടുന്നുണ്ട്. കാത്തിരുന്ന് കാണേണ്ടുന്ന ഒരു സ്ഥിതിവിശേഷമാണിത്." ഇതേതുടർന്ന് ബ്രിട്ടനിലെ അഹ്മദിയ്യാ മുസ്‌ലിം അസോസിയേഷൻ സിക്രട്ടറി ഷാഹിദ് അസീസ് ഇങ്ങനെ പ്രതികരിച്ചു. "മുസ്‌ലിംകൾ ചെകുത്താനും കടലിനുമിടയിലാണ്. കാരണം ഭീകരവാദം പ്രചരിപ്പിക്കുന്ന ഏതാനും കടുത്ത നിലപാടുകാരെ മുസ്‌ലിംകൾ വളരെയധികം മടുത്തിരിക്കുന്നു. അതേസമയം തീവ്രവാദത്തെ നേരിടാനുള്ള ഗവർമ്മെന്റ് ശ്രമങ്ങളിൽ അവർ ബോധവാന്മാരുമല്ല."

# നിരപരാധികളെ കൊന്നൊടുക്കൽ ജിഹാദല്ല : മൗലവി മുഹമ്മദ് ശരീഫ്

**സ്വന്തം പ്രതിനിധി**

**കണ്ണൂർ, ആഗസ്റ്റ് 31:** ബോംബ് വെച്ച് മറഞ്ഞിരുന്ന് നിരപരാധികളെ കൊന്നൊടുക്കലല്ല ഇസ്‌ലാമിക ജിഹാദെന്നും അത് ആത്മസംസ്ക്കരണം നടത്തി സൃഷ്ടാവിനോടും സഹജീവികളോടുമുള്ള ഉത്തരവാദിത്തങ്ങൾ പൂർത്തിയാക്കി ഒരുനല്ല മനുഷ്യനായി തീരുക എന്നതാണെന്നും മൗലവി മുഹമ്മദ് ശരീഫ് സാഹിബ് പറഞ്ഞു. 'യഥാർത്ഥ ജിഹാദ്' എന്ന വിഷയത്തെ സംബന്ധിച്ച് അഹ്മദിയ്യാ മുസ്‌ലിം യുവജനവിഭാഗത്തിന്റെ കണ്ണൂർ സിറ്റി യൂനിറ്റ് സംഘടിപ്പിച്ച സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ജിഹാദ് എന്നത് ആയുധമേന്തി മതപരിത്യാഗികളെ വകവരുത്തലാണെന്നും മുഹമ്മദ് നബി(സ) വാളേന്തിയപ്പോഴാണ് ഇസ്‌ലാം, ലോകം കീഴടക്കിയതെന്നുമുള്ള തെറ്റായ സിദ്ധാന്തം ലോകത്തിന് മുമ്പിലവതരിപ്പിച്ച മൗദൂദി സാഹിബിനും അദ്ദേഹം നേതൃത്വം നൽകിയ ജമാഅത്തെ ഇസ്‌ലാമിക്കും ഇന്നത്തെ ഈ അരക്ഷിതാവസ്ഥയിൽ കാര്യമായ പങ്കുണ്ട്. കാഫിറിനെ കൊന്നാൽ സ്വർഗ്ഗം ലഭിക്കുമെന്ന തെറ്റായ പാഠം പഠിപ്പിച്ചുവിടുന്നതിലൂടെയാണ് നാമമാത്രമെങ്കിലും ചില മുസ്‌ലിം ചെറുപ്പക്കാർ വിധ്വംസക പ്രവർത്തനങ്ങളിലേർപ്പെടുന്നത്. സമാധാനം പഠിപ്പിച്ച മതമാണ് ഇസ്‌ലാം. അന്യമതസ്ഥരെ സ്നേഹിക്കാനും അവർ ബഹുമാനിക്കുന്നവരെ ആദരിക്കാനും നബിതിരുമേനി പഠിപ്പിച്ചു. ഇസ്‌ലാം നടത്തിയിട്ടുള്ള യുദ്ധങ്ങളെല്ലാം തന്നെ പ്രതിരോധ യുദ്ധമായിരുന്നു. ഇന്ന് ജിഹാദ് വാളുകൊണ്ടല്ല മറിച്ച്, പേനകൊണ്ടാണ് നടത്തേണ്ടതെന്ന് 110 വർഷങ്ങൾക്കുമുന്നെതന്നെ അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകൻ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) പ്രഘോഷിച്ചപ്പോൾ അതിനെ പരിഹസിച്ചവർപോലും ഇന്ന് അതിനോട് യോജിച്ചു തുടങ്ങിയിരിക്കുന്നു. ഇസ്‌ലാമിന് ഫാസിസ്റ്റ് മുഖം നൽകുകയും സൗകര്യപൂർവ്വം അത് മറച്ചുപിടിക്കുകയും ചെയ്യുന്നവരെ മുസ്‌ലിംകൾ തിരിച്ചറിയണമെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ പി. ശഫി അഹ്മദ്, ടി. ശറഫുദ്ദീൻ എന്നിവരും സംബന്ധിച്ചു.

# അക്രമണം വഴി തെറ്റുന്നു

**ധാക്ക:** ബംഗ്ലാദേശിലെ നാർസിങ്ഗി എന്ന സ്ഥലത്ത് ഒരു ന്യൂനപക്ഷ സമുദായത്തിന്റെ സമ്മേളന സ്ഥലത്ത് ഖത്തമന്നുബൂവ്വത്ത് പ്രവർത്തകർ അക്രമം അഴിച്ചുവിട്ടു. ആക്രമണത്തിൽ 16 പ്രകടനക്കാർക്കും 4 പോലീസുകാർക്കും പരിക്കേറ്റു. പോലീസ് 20 ഓളം ഷെല്ലുകൾ വർഷിച്ചപ്പോഴാണ് അക്രമികൾ പിരിഞ്ഞുപോയത്. ധാക്ക-ചിറ്റഗോംഗ് ഹൈവേയിൽ വരുന്ന നാർസിങ്ഗിയിലേക്ക് പ്രകടനമായെത്തിയ ഖത്തമന്നുബൂവ്വത്ത് പ്രക്ഷോഭകാരികൾ മൗലാനാ മുഹമ്മദ് ഹസ്സന്റെ നേതൃത്വത്തിൽ ഇവിടത്തെ ഈദ്ഗാഹിൽ സമ്മേളിച്ചിരുന്ന ആൾക്കൂട്ടത്തെ ആക്രമിക്കാനൊരുങ്ങുകയായിരുന്നു. സമ്മേളിച്ചത് ബർക്കത്തുള്ള എന്ന പേരിലുള്ള ഒരാളുടെ സംഘടനയിൽപ്പെട്ടവരായിരുന്നു. ഇവർ ഖാദിയാനികളാണെന്ന് ആരോപിച്ചുകൊണ്ടായിരുന്നു പ്രക്ഷോഭം. എന്നാൽ ഈ വിഭാഗവുമായി ഒരു ബന്ധവുമില്ലെന്നും നാർസിങ്ഗി എന്ന സ്ഥലത്ത് തങ്ങളുടെ വിശ്വാസികളില്ലെന്നും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ധാക്കയിൽ അറിയിച്ചു.

(1-ാം പേജിൽനിന്ന്)

നായിക്കൊണ്ട് ദുആ ചെയ്യുന്നതിലേക്ക് മാത്രം നമ്മുടെ ശ്രദ്ധ നിലനില്ക്കുകയില്ല. ഇക്കാര്യം നമ്മുടെ ഈമാന്റെ വർദ്ധനവിന് കാരണമാകും. അത് പിന്നീട് അല്ലാഹുവിന്റെ കല്പനയനുസരിച്ച് നമ്മെ പ്രവർത്തിക്കുന്നവരാക്കിത്തീർക്കും. ദുആക്ക് ഉത്തരം നല്കുന്നവനായ ആ അല്ലാഹു ആ നേരത്ത് അവന്റെ തൃപ്തിക്കുവേണ്ടി മാത്രം ചെയ്യുന്ന ഈ ദുആ കാരണം, മറ്റു ദുആകളും സ്വീകരിക്കുന്നതാണ്.

ഇക്കാര്യത്തോടൊപ്പം ദൃഢതരമായ വിശ്വാസമുണ്ടാകണം. അല്ലാഹുവിന്റെ കല്പനകളനുസരിച്ചുള്ള പ്രവർത്തനവുമുണ്ടാകണം. നിങ്ങളെന്നോട് പ്രാർത്ഥിക്കുക, സർവ്വവും എന്നിൽ സമർപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കുക എന്ന് അല്ലാഹു പറഞ്ഞതിനോടൊപ്പം പ്രാർത്ഥിക്കേണ്ട വിവിധരീതികൾ എന്താണെന്നും പറഞ്ഞിരിക്കുന്നു. അല്ലാഹു പറഞ്ഞു. എനിക്ക് വിവിധ ഗുണങ്ങളുണ്ട്. ആ ഗുണങ്ങൾ നിങ്ങളുടെ ആവശ്യത്തിനനുസരിച്ച് എടുത്തുപറഞ്ഞുകൊണ്ട് പ്രാർത്ഥിക്കുക. ഇക്കാര്യം മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തെ കൂടുതൽ അടുപ്പിക്കുന്നതായിരിക്കും. അത് ഈമാൻ വർദ്ധിപ്പിക്കുന്നതായിരിക്കും. അത് ദുആ സ്വീകാര്യത്തിനുള്ള മാർഗ്ഗമായി തീരുകയും ചെയ്യും. അല്ലാഹു പറയുന്നു: "***വ ലില്ലാഹിൽ അസ്മാഉൽ ഹുസ്നാ ഫദ്ഊഹുബിഹാ***" ഏറ്റവും ഉത്തമമായ ഗുണനാമങ്ങൾ അല്ലാഹുവിനു മാത്രമുള്ളതാണ്. അതുകൊണ്ട് അവ മുഖേന നിങ്ങൾ അവനെ വിളിച്ചു പ്രാർത്ഥിക്കുക. (7:181)

മുജീബായ അല്ലാഹു വിവിധ സ്ഥലങ്ങളിൽ പ്രാർത്ഥനയെക്കുറിച്ച് പറഞ്ഞിരിക്കുന്നു. അതിന്റെ രീതിയും ശൈലിയും പഠിപ്പിച്ചിരിക്കുന്നു. ഇതനുസരിച്ച് നാമോരോരുത്തരും പ്രവർത്തിക്കേണ്ടതാണ്. കാരണം അതിലാണ് നമുക്ക് നിത്യജീവനുള്ളത്. അല്ലാഹു ഏതു രീതിയിലാണ് നമ്മെ അനുഗ്രഹിക്കാൻ ആഗ്രഹിക്കുന്നത്? മുജീബായ ആ അല്ലാഹുവിനെ വിളിക്കാതെ മറ്റുള്ളതിലേക്കാണ് നമ്മുടെ ശ്രദ്ധയെങ്കിൽ അതെത്രമാത്രം നിർഭാഗ്യമാണ്. വിളിക്കുന്നില്ലെങ്കിൽ അവന്റെ അനുഗ്രഹങ്ങളിൽ നിന്ന് നമ്മൾ പിന്തള്ളപ്പെടും.

അല്ലാഹു തന്റെ സൃഷ്ടികളോടുള്ള സ്നേഹം കാരണത്താലാണ് ഈ മാർഗ്ഗം കാണിച്ചുതരുന്നത്. ഇല്ലെങ്കിൽ അവന് നമ്മുടെ പ്രാർത്ഥനയുടേയോ നമ്മുടെ നിലവിളിയുടേയോ ആവശ്യമില്ല. അല്ലാഹുവിന്റെ ബന്ധവും അവന്റെ സഹായവും ഉണ്ടാകേണ്ട ആവശ്യം മനുഷ്യനാണ്. മനുഷ്യന് അവന് വിളിക്കേണ്ട ആവശ്യവുമുണ്ട്. അല്ലാഹു പറയുന്നു. ***ഖുൽ മാ യഅ്ബഉബിക്കും റബ്ബീ ലൗലാ ദുആഉക്കും*** നീ പറയുക, നിങ്ങളുടെ പ്രാർത്ഥന ഇല്ലായിരുന്നെങ്കിൽ എന്റെ നാഥൻ നിങ്ങളെ എന്ത് വിലവെക്കാനാണ്?

(ശേഷം 5-ാം പേജിൽ)

# എല്ലാവരും പരിശോധിക്കപ്പെടണം; അഹ്മദി യുവാക്കൾ

**ലണ്ടൻ:** ബൈത്തുൽ ഫുത്തൂഹിൽ ചേർന്ന അഹ്മദി യുവജനങ്ങളുടെ സമ്മേളനത്തിൽ മുസ്‌ലിം ഭീകരവാദത്തിന്റെ ഭയാനകതക്കെതിരെ കടുത്ത പ്രതികരണമുയർന്നു. ദീനിന്റെ പേരിൽ മനുഷ്യഹത്യ നടത്തുന്നത് വലിയ കുറ്റം തന്നെയാണെന്ന് പ്രഭാഷകർ പറഞ്ഞു. യോഗത്തിൽ പങ്കെടുത്ത വിംബിൾഡൺ പാർക്ക് കൗൺസിലറും ഖുദ്ദാമുൽ അഹ്മദിയ്യാ നായിബ് സദറുമായ താരിഖ് അഹ്മദ് തീവ്രവാദം ഇസ്‌ലാമിന്റെ സന്ദേശത്തെ താറടിക്കുന്നതാണെന്ന് പറഞ്ഞു. മറ്റൊരു പ്രഭാഷകനായ മുഹമ്മദ് നാസർ ഖാൻ നിശിദമായ ഭാഷയിൽ തീവ്രവാദത്തെ അപലപിച്ചു. എവിടെയുമുള്ള മുസ്‌ലിംകളിൽ 99%വും സമാധാന പ്രേമികളാണെന്ന് അദ്ദേഹം പറഞ്ഞു. ബാക്കിയുള്ള നേരിയ ന്യൂനപക്ഷമാണ് വഴിതെറ്റിപ്പോകുന്നത്. രണ്ടാം ലോകമഹായുദ്ധാനന്തരം ജർമ്മൻകാർ പരക്കേ നാസികളെന്ന് മുദ്രകുത്തപ്പെട്ടതുപോലെയാണ് സപ്തംബർ 11-നുശേഷം മുസ്‌ലിംകൾ പരക്കേ ഭീകരവാദികളായി ആക്ഷേപിക്കപ്പെടുന്നത്. അല്ലാഹു ഏറ്റവും വെറുക്കുന്ന രണ്ട് കാര്യങ്ങളത്രെ ആത്മഹത്യയും, സഹജീവികളെ സംഹരിക്കലും. ഈ വഴിയിൽനിന്ന് യുവാക്കളെ തിരിച്ചുവിടാൻ മുസ്‌ലിം പണ്ഡിതന്മാർ കൂറേക്കൂടി ശ്രമിക്കേണ്ടതുണ്ടെന്ന് അദ്ദേഹം തുടർന്നു പറഞ്ഞു. ഭരണകൂടം നടത്തുന്ന സൂക്ഷ്മപരിശോധനകൾ എല്ലാവർക്കും ബാധകമാകേണ്ടതുതന്നെയാണെന്ന് യോഗം വിലയിരുത്തി.

# അധാർമ്മികത വളരുന്നു: ഫ്രെഡറിക് ബ്ലേ

**കുമാസി (ഘാന) :** ഘാനയിൽ അധാർമ്മികത കുതിച്ചുയരുന്നത് ഭീതിജനകമാണെന്ന് ഘാന പാർലമെന്റ് ഒന്നാം ഡെപ്യൂട്ടി സ്പീക്കർ ഫ്രെഡറിക് ബ്ലേ പറഞ്ഞു. ഘാനയിൽ 24-ാംമത് അൻസാറുല്ലാ കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഘാനയിലെ വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങളും, കൗമാരഗർഭധാരണവും, എച്ച്.ഐ.വി പോസിറ്റീവായ ആളുകളും ഘാനയുടെ പൊതുസമൂഹം നേരിടുന്ന ധാർമ്മികതകർച്ചയുടെ ഉദാഹരണമാണെന്ന് അദ്ദേഹം പറഞ്ഞു. ധാർമ്മിക വിദ്യാഭ്യാസം ഒരു പുതിയ കാര്യമല്ലെന്നും വിശുദ്ധഖുർആനിൽ ഇത് പ്രതിപാദിച്ചതാണെന്നും ബ്ലേ തുടർന്നുപറഞ്ഞു. ഈ സമ്മേളനത്തിൽ 2000-ലധികം പ്രതിനിധികൾ പങ്കെടുത്തു. ഘാനയെ കൂടാതെ സമീപരാജ്യങ്ങളായ ബുർക്കിനാഫാസോ, ടോഗോ എന്നിവിടങ്ങളിൽ നിന്നും പ്രതിനിധികളെത്തിയിരുന്നു. ഈ ദ്വിദിന സമ്മേളനത്തിന്റെ ചർച്ചാവിഷയം 'ധാർമ്മിക വിദ്യാഭ്യാസം-സമകാലീന പ്രശ്നങ്ങൾക്കുള്ള പരിഹാരം' എന്നതായിരുന്നു. ഘാനയിലെ അഹ്മദിയ്യാ ജമാഅത്ത് ഡെപ്യൂട്ടി അമീർ മൗലവി മുഹമ്മദ് യൂസഫ് യോസണും യോഗത്തിൽ സംബന്ധിച്ചു.

# യു.എസ്. അഹ്മദിയ്യാ സമ്മേളനം

**വാഷിംഗ്ടൺ :** യു.എസ്.എയിലെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സമ്മേളനം ഡാളസിൽ സെപ്തംബർ 1,2,3 തിയ്യതികളിലായി നടന്നു. ഈ സമ്മേളനം മുസ്‌ലിം ജനസാമാന്യത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ മാറ്റാനുള്ള വേദിയായിത്തീർന്നു. സമ്മേളനത്തോടനുബന്ധിച്ചുള്ള എക്സ്പോസെന്റർ പ്രത്യേക ശ്രദ്ധയാകർഷിച്ചിരുന്നു. ഈയവസരത്തിൽതന്നെ ഒരു 'ബ്ലഡ്ഡ്രൈവ്' ക്യാംപയിനും ഹ്യൂമാനിറ്റിഫെസ്റ്റിന്റെ പ്രത്യേക പ്രദർശനവും സംഘടിപ്പിച്ചിട്ടുണ്ട്.

# അനുമോദനയോഗം

**കോഴിക്കോട് :** ആഗസ്റ്റ് 19, 20 തിയ്യതികളിൽ വയനാട് ലക്കിടിയിൽവെച്ച് നടന്ന നോർത്ത് ഇലാഖ ഇജ്തിമായിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ മാത്തോട്ടം ഖുദ്ദാമുൽ അഹ്മദിയ്യാക്ക്, കോഴിക്കോട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അനുമോദനയോഗം സംഘടിപ്പിച്ചു. യോഗത്തിൽ കോഴിക്കോട് മേഖലാ അമീർ എ.പി. കുഞ്ഞാമു സാഹിബ് അധ്യക്ഷനായിരുന്നു. മാത്തോട്ടം ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രവർത്തനങ്ങൾ അനുമോദനാർഹമാണെന്നും, കൂടുതൽ പ്രവർത്തിക്കാൻ സാധിക്കട്ടെ എന്നും അദ്ദേഹം തന്റെ പ്രസംഗത്തിൽ പറഞ്ഞു. ചീഫ് മിഷണറി മൗലവി ഉമർ സാഹിബ് ഖലീഫത്തുൽ മസീഹ് സാനി(റ) ഖുദ്ദാമുൽ അഹ്മദിയ്യാക്ക് നൽകിയ ഉപദേശം സദസ്സിനെ കേൾപ്പിച്ചു. നായിബ് അമീർ എം.എ. മുഹമ്മദ് സാഹിബ്, ജനറൽ സെക്രട്ടറി അഹമ്മദ് ഹസ്സൻ സാഹിബ്, അൻസാറുല്ലാ സഇൗം എ.എം. മുഹമ്മദ് സലീം സാഹിബ്, കോഴിക്കോട് ഖാഇദ് അഷറഫ് സാഹിബ് തുടങ്ങിയവർ അനുമോദനങ്ങളർപ്പിച്ചു. മുഖ്താറഹമ്മദ് ഖുർആൻ പാരായണം ചെയ്തു. മാത്തോട്ടം ഖാഇദ് ബി.എം. ഷൗക്കത്തലി സാഹിബ് മാത്തോട്ടം ഖുദ്ദാമുൽ അഹ്മദിയ്യാക്ക്‌വേണ്ടി അനുമോദനങ്ങൾക്ക് നന്ദി പറഞ്ഞു.

അൽഹഖ്
AHMADIYYA NEWS BULLETTIN
ആഗസ്റ്റ് 2006 റജബ്

## സ്നേഹവും സമാധാനവും നൽകുന്ന ഇജ്തിമകൾ

**അ**ഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ ഇജ്തിമകൾ സാധാരണമാണ്. അഹ്മദിയ്യാ ജമാഅത്ത് ഇജ്തിമാകളുടെ ജമാഅത്താണെന്നുവരെ പറയപ്പെട്ടിട്ടുണ്ട്. വാഗ്ദത്ത മസീഹിന്റെ വാഗ്ദത്തപുത്രൻ ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദഹ്മദ്(റ) അത്തരത്തിലാണ് ജമാഅത്ത് സംവിധാനം രൂപകല്പന ചെയ്തിട്ടുള്ളത്. ജമാഅത്തിലെ എല്ലാ പോഷകസംഘടനകളും എല്ലാ വർഷവും ഇജ്തിമകളിലൂടെ ഒത്തുചേരുന്നു. ഇതിലൂടെ ലഭ്യമാകുന്ന ശിക്ഷണം അംഗങ്ങളിൽ പരസ്പരം സ്നേഹബന്ധം വളർത്താനും സമാധാനപരമായി തികച്ചും ദൈവികമായ മാർഗ്ഗത്തിൽ ജീവിക്കാനുള്ള താൽപര്യം വളർത്താനും സഹായകരമാകുന്നു.

കേരളത്തിലെ രണ്ടു മേഖലകളിലേയും ഖുദ്ദാമുൽ അഹ്മദിയ്യാ അവരുടെ ഇജ്തിമാകൾ ഈ മാസം സംഘടിപ്പിക്കുകയുണ്ടായി. അതിനുമുമ്പ് പ്രാദേശിക ഇജ്തിമകൾ നടത്തിക്കഴിഞ്ഞിരുന്നു. ഇനി അഖിലേന്ത്യാ ഇജ്തിമയ്ക്കുള്ള തയ്യാറെടുപ്പുകളാണ്. ഭീകര, വിഘടന, വിധ്വംസക പ്രവർത്തനങ്ങളിൽ ചെറുപ്പക്കാർ വിശിഷ്യാ മുസ്‌ലിം ചെറുപ്പക്കാർ പങ്കാളികളാകുന്ന ഇന്നത്തെ സാഹചര്യത്തിൽ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഈ ഒത്തുചേരൽ തികച്ചും മാതൃകാപരമാണ്. ഏതെങ്കിലും സ്ഥലത്ത് യുവജന ക്യാമ്പ് നടക്കുമ്പോൾ ഇന്നത്തെ ലോകം അതിനെ സംശയദൃഷ്ടിയോടെയാണ് വീക്ഷിക്കുന്നത്. പലപ്പോഴും ഇത്തരം യുവകൂട്ടായ്മയുടെ ലക്ഷ്യം തീവ്രവാദ വിഘടന പ്രവർത്തനമോ രാഷ്ട്രീയഅക്രമങ്ങളോ ആയി മാറിക്കഴിഞ്ഞിരിക്കുന്നു.

മുസ്‌ലിം ചെറുപ്പക്കാർ അവരുടെ യഥാർത്ഥ ലക്ഷ്യം മറന്നുകൊണ്ട് തീവ്രവാദ പ്രവർത്തിയിലേർപ്പെടുന്ന അതിദയനീയ കാഴ്ചയാണ് നമ്മുടെ മുന്നിലുള്ളത്. ഇവർ വളരെ ന്യൂനപക്ഷമാണ്. എങ്കിലും ഇത്തരം പ്രവർത്തനം ഇസ്‌ലാമിനെ ആകമാനം കളങ്കപ്പെടുത്തുന്നു. ശരിയായ ഇസ്‌ലാമിക തർബിയ്യത്ത് ലഭ്യമാക്കുന്നതിനു പകരം ഇത്തരക്കാർക്ക് തെറ്റായ മാർഗ്ഗനിർദ്ദേശങ്ങളാണ് ലഭിക്കുന്നത്. പലതരം പ്രലോഭനങ്ങൾ നൽകി ഈ പാവങ്ങളെ ചിലർ അവരുടെ സ്ഥാപിത താൽപര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുകയാണ്. യുവത്വകാലത്തിന്റെ ചാപല്യത്തിൽ ധാരാളിയായി ജീവിക്കാനാഗ്രഹിക്കുന്നവർ വഴിതെറ്റി ഇത്തരം സംഘങ്ങളിൽ എത്തിച്ചേരുകയാണ്. ഈ യുവാക്കൾക്ക് ശരിയായ ഇസ്‌ലാമിക അധ്യാപനങ്ങൾ- അത് സമാധാനത്തിന്റേതാണ്- നൽകപ്പെടുമ്പോൾ തീർച്ചയായും ഇതിന് മാറ്റമുണ്ടാകും. പക്ഷേ, ദൗർഭാഗ്യവശാൽ അതുണ്ടാകുന്നില്ല. അതിനുപകരം ജിഹാദ് എന്നത് കാഫിറിനെ വധിക്കലാണെന്നും പരിപൂർണ്ണ ഇസ്‌ലാമിക വിജയം, ഭരണം ലഭ്യമാകുന്നതിലൂടെ മാത്രമേ സാധ്യമാവൂ എന്നും ഇവരെ പഠിപ്പിക്കുന്നു. യഥാർത്ഥ ജിഹാദ് ഇതല്ലായെന്നും ഇന്ന് പേനകൊണ്ടുള്ള ജിഹാദാണ് വേണ്ടതെന്നും പഠിപ്പിച്ച വാഗ്ദത്ത മസീഹിനേയും അഹ്മദിയ്യാ ജമാഅത്തിനേയും ഇക്കൂട്ടർ പരിഹസിക്കുകയായിരുന്നു. തെറ്റായ ജിഹാദി സങ്കല്പം എത്രയെത്ര രാജ്യങ്ങളിലാണ് മുസ്‌ലിം വിധവകളുടെ എണ്ണം കൂട്ടിയത്.

ഇത്തരം സാഹചര്യങ്ങൾ നിലനിൽക്കുമ്പോഴാണ് ഇതിൽനിന്നും തികച്ചും വ്യത്യസ്തമായ രീതിയിൽ അഹ്മദിയ്യാ യുവാക്കൾ ഇജ്തിമകൾ നടത്തുന്നത്. യാതൊരു നിഗൂഢതയുമില്ലാതെ, പരസ്യമായ നിലയിൽ നടത്തുന്ന ഇത്തരം ഇജ്തിമാകളിലൂടെ ലഭിക്കുന്ന ഇസ്‌ലാമിക ശിക്ഷണമാണ് അഹ്മദിയുവാക്കളെ ഇസ്‌ലാമിക പാതയിലൂടെ ചരിക്കാൻ സഹായിക്കുന്നത്. വാഗ്ദത്ത മസീഹ്(അ) ലോകത്തിന്റെ മുന്നിലവതരിപ്പിച്ച യഥാർത്ഥ ജിഹാദിലൂടെ ഖുദ്ദാമുൽ അഹ്മദിയ്യാ പ്രവർത്തകർക്ക് ലോകമാകെ സമാധാന സന്ദേശമെത്തിക്കാൻ സാധിക്കുന്നു. നൂറുവർഷങ്ങൾക്കു മുന്നെ വാഗ്ദത്ത മസീഹിനാൽ നൽകപ്പെട്ടതും അന്ന് ഇതരമുസ്‌ലിംകൾ പരിഹസിച്ചതുമായ ജിഹാദി സങ്കൽപം ഇന്ന് അംഗീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. മുസ്‌ലിം യുവത ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രവർത്തനങ്ങൾ അനുകരിച്ചെങ്കിൽ എത്ര നന്ന്!!

# ഇസ്‌ലാം വ്യത്യസ്ത വിഭാഗങ്ങളെ ഉൾക്കൊള്ളണം

**സ്റ്റേറ്റ്സ്മാൻ പത്രത്തിൽ പ്രശസ്ത ചിന്തകനും കോളമിസ്റ്റുമായ സിയാവുദ്ദീൻ സർദാർ എഴുതിയ ലേഖനം**

ഈ ജൂലൈ അവസാനം ഹാംസ്ഫയറിൽ വളരെ വിഭിന്നമായ ഭാവങ്ങളോടും വികാരങ്ങളോടുംകൂടി ഒരു വിഭാഗം മുസ്‌ലിംകളെ കണ്ടു. മിക്കവരും പാക്കിസ്ഥാൻ, ബംഗ്ലാദേശ്, ഇന്ത്യ എന്നിവിടങ്ങളിൽ വേരുകളുള്ളവരാണ്. എന്തായാലും ഈ ആളുകൾ പ്രത്യക്ഷമായും പരോക്ഷമായും ഇതരമുസ്‌ലിം വിഭാഗങ്ങളിൽനിന്ന് ഏറെ വ്യത്യസ്തരായിരുന്നു.

ശിയാകൾക്കും, സുന്നികൾക്കും ഈ വിഭാഗക്കാർ സ്വീകാര്യരല്ല. തൽഫലമായി കഴിഞ്ഞ 50 വർഷങ്ങളായി അഹ്മദികൾ എന്നറിയപ്പെടുന്ന ഈ വിഭാഗം നിരന്തരമായി പീഡിപ്പിക്കപ്പെടുന്നു. നിരന്തരമായി അഹ്മദി പള്ളികൾ നശിപ്പിക്കപ്പെടുന്നു. പാക്കിസ്ഥാനിൽ ഇവരെ അമുസ്‌ലിംകളായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. സൗദി അറേബ്യയിൽ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് മക്കാ സന്ദർശനം വിലക്കപ്പെട്ടിരിക്കുന്നു. ഈ ജനുവരിയിൽ ബംഗ്ലാദേശ് ഗവർമ്മെന്റ് ഇവരുടെ പ്രസിദ്ധീകരണങ്ങൾക്ക് വിലക്കേർപ്പെടുത്തിയിട്ടുമുണ്ട്. പലയിടങ്ങളിലുമായി നൂറുകണക്കിനു അഹ്മദികൾ വീടുകളിൽ നിന്ന് പുറത്തിറക്കപ്പെടുകയും അക്രമത്തിനിരയാകുകയും ചെയ്തിട്ടുണ്ട്. പക്ഷേ, ഇക്കൂട്ടർ ഖുർആനെ വിശുദ്ധമായി കരുതുന്നു. മുഹമ്മദിനെ പ്രവാചകനായി കാണുന്നു. വ്രതനമനുഷ്ഠിക്കുന്നു. ദാനധർമ്മങ്ങൾ കൃത്യമായി ചെയ്യാറുണ്ട്. കൂടാതെ എന്താണോ മുസ്‌ലിംകൾ ചെയ്യേണ്ടത് അതൊക്കെയും അഹ്മദികൾ ചെയ്തുകൊണ്ടേയിരിക്കുന്നു. ഇതായിരിക്കാം ഇതര മുസ്‌ലിംകളെ പ്രകോപിതരാക്കുന്നത്!

രണ്ടുതരത്തിലുള്ള കാഴ്ചപ്പാടുകളുടെ വ്യത്യാസമാണിവിടെ തെളിയുന്നത്. ജിഹാദിനെ സംബന്ധിച്ച് അഹ്മദികൾ പുലർത്തുന്ന വിശ്വാസം തന്നെ ഇതിനൊരുദാഹരണം. എല്ലാതരത്തിലുമുള്ള അക്രമങ്ങളെയും അഹ്മദികൾ നിരാകരിക്കുന്നു. ഇതര മുസ്‌ലിംകൾ പ്രതിരോധാത്മകമായ യുദ്ധമായി ജിഹാദിനെ കാണുമ്പോൾ ഇത് വലിയ കാര്യമാണ്. അഹ്മദിയ്യാ പ്രസ്ഥാനം നിലവിൽ വന്നത് 1889 ലാണ്. കൃത്യമായി പറഞ്ഞാൽ ശിപായി ലഹളക്കുശേഷം. ഈയവസരത്തിൽ പല ഇന്ത്യൻ മുസ്‌ലിംകളും ബ്രിട്ടീഷ് ഗവർമ്മെന്റിന്നെതിരായ ജിഹാദിനൊരുമ്പെടുകയായിരുന്നു. ഈ സമയത്ത് അക്രമത്തെ നിരാകരിക്കാൻ അഹ്മദികൾ ശ്രമിച്ചപ്പോൾ ഈ പ്രസ്ഥാനം ബ്രിട്ടീഷ് സൃഷ്ടിയാണെന്നായി പ്രചരണം. ഈ പ്രചരണം ഇപ്പോഴും അഹ്മദിയർക്കെതിരെ ശക്തമാണ്.

ഈ പ്രസ്ഥാനത്തിന്റെ സ്ഥാപകനായ പഞ്ചാബിലെ മിർസാ ഗുലാം അഹ്മദ് (1835-1908) മുഹമ്മദ് നബിയെ അന്ത്യപ്രവാചകനായി കാണുന്ന ഇതര മുസ്‌ലിംകൾക്ക് വലിയൊരു വെല്ലുവിളിയാണ്. അഹ്മദ് പറയുന്നത് അന്ത്യകാലത്ത് വരേണ്ടുന്ന വാഗ്ദത്ത പരിഷ്ക്കർത്താവ് താനാണെന്നാണ്. മറ്റൊരർത്ഥത്തിൽ മഹ്ദിയും, മസീഹും താൻ തന്നെയാണെന്ന് ഇദ്ദേഹം വാദിച്ചു. മിക്കവർക്കും ഇത് മുഹമ്മദ് നബിയുമായി ബന്ധപ്പെടുത്തിയേപ്പറ്റൂ. എന്തായാലും അഹ്മദികൾ വിശ്വസിക്കുന്നത് അഹ്മദിന്റേയും അദ്ദേഹത്തിന്റെ പിൻഗാമികളുടെയും അദ്ധ്യാപനങ്ങൾ ദൈവസന്നിധിയിൽ നിന്നുള്ളതാണ് എന്നത്രെ.

ലോകമുസ്‌ലിംകൾക്കിടയിൽ ഒട്ടേറെ തരക്കാരുണ്ട്. ഇക്കൂട്ടരിൽ താരതമ്യേന പുതിയൊരു വിഭാഗമായി അഹ്മദിയരെ കാണേണ്ടതാണ്. അഹ്മദികൾ മുസ്‌ലിംകളല്ല എന്നു പറയാൻ ആർക്കും ഒരവകാശവുമില്ല.

ബ്രിട്ടനിൽ ഏകദേശം 20,000ൽ അധികം അഹ്മദികളുണ്ട്. ന്യൂനപക്ഷങ്ങൾക്കിടയിലെ ഒരു ന്യൂനപക്ഷമാണെങ്കിലും ചില വലിയ നേട്ടങ്ങൾ കൈവരിക്കാൻ ഇക്കൂട്ടർക്കായിട്ടുണ്ട്. ബ്രിട്ടനിലെ ആദ്യ മുസ്‌ലിം പള്ളിയും (1889-ൽ ഉദ്ഘാടനം ചെയ്യപ്പെട്ടത്) പശ്ചിമ യൂറോപ്പിലെ ഏറ്റവും വലിയ പള്ളിയായ ബൈത്തുൽ ഫുത്തൂഹും ഇക്കൂട്ടരുടേതാണ്. ആദ്യത്തെ ധൈഷണിക ഇസ്‌ലാമിക പ്രസിദ്ധീകരണമായ 'ഇസ്‌ലാമിക് റിവ്യൂ' അഹ്മദികൾ പുറത്തിറക്കിയതാണ്. ബ്രിട്ടനിലെ മുസ്‌ലിം സമൂഹത്തിൽ ഏറ്റവും ഉയർന്ന വിദ്യാഭ്യാസമുള്ളവരും, സംഘടിതവും, അച്ചടക്കമുള്ളതുമായ വിഭാഗം അഹ്മദികൾ തന്നെയാണെന്ന് നിസ്സംശയം പറയാം. ഇവർ ഒറ്റക്കെട്ടായി പ്രവർത്തിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഇതൊക്കെക്കൊണ്ട് തന്നെ ജൂലൈ അവസാനത്തിൽ നടന്ന ഇവരുടെ വാർഷികസമ്മേളനത്തിൽ മുഴുവൻ അംഗങ്ങളും പങ്കെടുത്തിരുന്നു.

ചുരുക്കത്തിൽ നിരന്തരം അവഹേളിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നതിന് പകരം അല്പം ബഹുമാനം അഹ്മദികൾക്ക് നല്കാൻ യാഥാസ്ഥിതിക മുസ്‌ലിംകൾ തയ്യാറാവേണ്ടതാണ്. ബ്രിട്ടനിലെ മുസ്‌ലിം ജനത തങ്ങളുടെ വ്യത്യസ്തത തദ്ദേശീയരും ഗവർമ്മെന്റും അംഗീകരിക്കണം എന്ന് സ്ഥിരമായി ആവശ്യപ്പെടാറുള്ളതാണ്. എന്നാൽ തങ്ങൾക്കിടയിൽ തന്നെയുള്ള വ്യത്യസ്ത വിഭാഗങ്ങളെ അംഗീകരിക്കാൻ ഇവർ തയ്യാറാകുമോ എന്നതാണ് പ്രസക്തമായ കാര്യം.

# ഉത്തരകേരള ഖുദ്ദാമുൽ അഹ്മദിയ്യാ വാർഷിക ഇജ്തിമാ സമാപിച്ചു

**ടി. ഷാജിർ അഹ്മദ്**

ഖുദ്ദാമുൽ അഹ്മദിയ്യാ നോർത്ത് ഇലാഖയുടെ 2006 വാർഷിക ഇജ്ത്തിമാഅ് ആഗസ്റ്റ് 19, 20 തിയ്യതികളിലായി വയനാട് ലക്കിടിയിൽ വച്ച് നടന്നു. ലക്കിടിയിലെ ഓറിയന്റൽ ഇസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജമെന്റ് ആയിരുന്നു ഇജ്ത്തിമാഅ് വേദി. പതിവുരീതിയിൽ നിന്ന് വ്യത്യസ്തമായി പ്രകൃതി രമണീയമായ വയനാടൻ മലഞ്ചെരുവിൽ യുവജനസംഗമം നടത്താനായിരുന്നു ഇത്തവണ ഖുദ്ദാമുൽ അഹ്മദിയ്യാ ഇലാഖാ പ്രവർത്തക സമിതിയുടെ തീരുമാനം. ഈ തീരുമാനം നൂറുശതമാനം പൂർത്തീകരിച്ചതിന്റെ സാഫല്യമാണ് ഖാദിംകൾക്ക്. കോടമഞ്ഞിന്റെ കുളിർമ്മയും പച്ചപ്പുതപ്പണിഞ്ഞ മലനിരകളുടെ സാന്നിധ്യവും ഇജ്ത്തിമായുടെ ഹൃദ്യത വർദ്ധിപ്പിച്ചു. പെയ്തിറങ്ങിയ മഞ്ഞിന്റെ കാവലോടെ 19-ാം തിയ്യതി രാവിലെ 10.30 മണിയോടെ ഉദ്ഘാടനച്ചടങ്ങ് ആരംഭിച്ചു. യാസർഅറഫാത്ത് സാഹിബിന്റെ തിലാവത്തിനു ശേഷം ജനറൽ സെക്രട്ടറി ശമീം അഹ്മദ് സാഹിബ് റിപ്പോർട്ട് അവതരിപ്പിച്ചു. ഇത്തവണ ഇജ്ത്തിമാഅ് ഉദ്ഘാടനം ചെയ്തത് അഖിലേന്ത്യാ സദർ ശുഐബ് അഹ്മദ് സാഹിബിന്റെ പ്രതിനിധിയായെത്തിയ എറണാകുളം മേഖലാ അമീർ അഹ്മദ് കബീർ സാഹിബ് ആയിരുന്നു. തന്റെ ഉദ്ഘാടന പ്രസംഗത്തിൽ കബീർ സാഹിബ് ആത്മീയ-ഭൗതികതലങ്ങളിലെ വ്യവസ്ഥാപിത ജീവിതത്തിനായുള്ള മാർഗ്ഗരേഖ യുവജന സമക്ഷം കാണിച്ചുതന്നു. ഇന്ന് സമ്പത്ത് എല്ലാത്തിന്റേയും മാനദണ്ഡമായിരിക്കുന്നുവെന്ന് കബീർ സാഹിബ് പറഞ്ഞു. പാണ്ഡിത്യവും അറിവും മാനിക്കപ്പെടുന്നില്ല. ഇതിൽ നിന്ന് വ്യത്യസ്തമായി അഹ്മദി യുവാക്കൾ അല്ലാഹുവിന്റെ കൂട്ടമായി മാറണം. അതിനായി കഴിയുന്നതും ഭൗതികതയെ നിരുത്സാഹപ്പെടുത്തണം. ജമാഅത്തായി നമസ്കരിക്കുന്ന ശീലം വർദ്ധിപ്പിക്കണം. അദ്ദേഹം തുടർന്നു പറഞ്ഞു. ചടങ്ങിൽ ആശംസ നേരാനെത്തിയ കോഴിക്കോട് മേഖലാ അമീർ എ.പി. കുഞ്ഞാമു സാഹിബ് തർബിയ്യത്തിന്റെയും തബ്‌ലീഗിന്റെയും അർത്ഥവിശുദ്ധിയെപ്പറ്റി പറഞ്ഞു. മറ്റൊരു ആശംസ കണ്ണൂർ മേഖലാ അമീർ കുഞ്ഞഹമ്മദ് മാസ്റ്റർ സാഹിബിന്റേതായിരുന്നു. തന്റെ മാതാവിന്റെ ഹൃദയ നൈർമല്യവും ഖുർആനിക പരിജ്ഞാനവും യുവാക്കൾക്കായി അദ്ദേഹം വിവരിച്ചുതന്നു. ചടങ്ങിൽ മൂന്നാമതായി ആശംസകൾ അർപ്പിച്ച അൻസാറുല്ലാ സംസ്ഥാന നാസിം പി.പി. നാസിറുദ്ദീൻ സാഹിബ് യുവാക്കളിൽ നഷ്ടപ്പെടുന്ന പ്രസരിപ്പിനെപ്പറ്റി ആകുലപ്പെട്ടു. ജമാഅത്തിന്റെ ചൈതന്യം പ്രസരിപ്പാർന്ന യുവഹൃദയങ്ങളിലാണെന്നും സാമൂഹ്യജീവിയായ മനുഷ്യന് ഇത്തരമൊരു മുഖകാന്തി ആവശ്യമാണെന്നും അദ്ദേഹം തുടർന്നു പറഞ്ഞു. ഉദ്ഘാടനചടങ്ങിൽ ഖുദ്ദാമുൽ അഹ്മദിയ്യാ നോർത്ത് ഇലാഖാ ഖായിദ് ഡോ. സലാഹുദ്ദീൻ സാഹിബ് അധ്യക്ഷം വഹിച്ചു. ഉദ്ഘാടന ചടങ്ങിൽവെച്ച് 'അഹ്മദിയ്യാ ഖിലാഫത്ത് ശതവാർഷിക ജൂബിലി', 'യു.കെ. ജൽസയിലെ ഹുസൂറിന്റെ പ്രഭാഷണങ്ങൾ' എന്നീ രണ്ട് പുസ്തകങ്ങൾ വെളിച്ചം കണ്ടു.

വിവിധ സെഷനുകളിലായി ഇജ്തിമായിൽ വ്യത്യസ്തമായ ക്ലാസ്സുകൾ നടത്തപ്പെടുകയുണ്ടായി. മുഹമ്മദ് നബി(സ)യുടെ ജീവിതത്തിന്റെ വെളിച്ചത്തിൽ അദ്ദേഹത്തിന്റെ സന്ദേശം യുവാക്കൾക്ക് നൽകിയ ക്ലാസ് നയിച്ചത് മൗലവി ഉമർ സാഹിബ് ആയിരുന്നു. നബി(സ)യുടെ ആത്മീയ പ്രകാശത്തിന്റെ കാതൽ അദ്ദേഹം വരച്ചുകാട്ടി. വയനാടൻ പകലിന്റെ മൂർദ്ധന്യത്തിൽ ഖാദിംകൾക്ക് പുതിയൊരനുഭവമായിരുന്നു ഈ ക്ലാസ്സ്.

പിന്നീട് ഉച്ചയ്ക്കുശേഷം കൊടുങ്ങല്ലൂർ സലിം സാഹിബിന്റെ പ്രഭാഷണം ഉണ്ടായിരുന്നു. ആന്ധ്രയിൽ അഹ്മദിയ്യത്തിന്റെ പതാകയെ ഉജ്ജ്വലിപ്പിക്കുന്ന സലിം സാഹിബിന്റെയും സഹപ്രവർത്തകരുടേയും തീവ്രാനുഭവങ്ങൾ തക്ബീർ ധ്വനികളോടെയാണ് യുവജനസമൂഹം വരവേറ്റത്. ആന്ധ്രയിലെ തീക്ഷ്ണമായ എതിർപ്പുകൾക്കിടയിലും അജയ്യമായ ഗതി സൂക്ഷിക്കുന്ന ജമാഅത്ത് സലിം സാഹിബിന്റെ വാക്കുകളിൽ പുനഃനിർമ്മിക്കപ്പെട്ടു.

മൗലവി ഗുലാം അഹ്മദ് ഇസ്മായീൽ സാഹിബ് നൽകിയ സൈറെറൂഹാനിയുടെ ക്ലാസ്സും പുതിയ ചക്രവാളങ്ങൾ യുവജനങ്ങൾക്ക് പരിചയപ്പെടുത്തി. മുസ്‌ലിംലോകത്തിന് നഷ്ടപ്പെട്ട ശാസ്ത്രീയ-പ്രായോഗിക സിദ്ധാന്തങ്ങളുടെ അവതരണം അദ്വിതീയമായിരുന്നു. പിന്നീട് ഞായറാഴ്ച ഉച്ചയോടെ നടന്ന സിമ്പോസിയം ഖാദിംകളുടെ ധിഷണയിൽ ചില ചലനങ്ങളുളവാക്കി. പശ്ചിമേഷ്യൻ സംഭവവികാസങ്ങളെ അഗാധമായി അവലോകനം ചെയ്ത ഏ.എം. സലിം സാഹിബ് വിജ്ഞാനത്തിന്റെ സരളമായ ലോകം സദസ്യർക്കു പരിചയപ്പെടുത്തി. അമേരിക്കൻ-ഇസ്രായേൽ ഭീഷണിയുടെ താത്വികവും, സാഹചര്യ നിബദ്ധവുമായ അർത്ഥങ്ങൾ അദ്ദേഹം വിശദീകരിച്ചു. സിമ്പോസിയത്തിലെ മറ്റൊരു പ്രഭാഷകൻ മൗലവി മുഹമ്മദ് ഷരീഫ് സാഹിബ് ആയിരുന്നു. ഖുർആനികമായ നിലപാടുകളിൽനിന്ന് പിന്നോട്ടു പോവുമ്പോഴുള്ള പ്രശ്നങ്ങളെ അദ്ദേഹം അവതരിപ്പിച്ചു.

ഇജ്തിമായുടെ സമാപനച്ചടങ്ങ് ഉച്ചതിരിഞ്ഞ് മൂന്നുമണിയോടെ ആരംഭിച്ചു. ഡോ. സലാഹുദ്ദീൻ സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ മലപ്പുറം മേഖലാ അമീർ മുഹമ്മദ് അലി മാസ്റ്റർ സാഹിബ്, മൗലവി മുഹമ്മദ് ഉമർ സാഹിബ് എന്നിവർ പ്രസംഗിച്ചു. ക്ലാസ്സുകളുടെ ഇടവേളകളിലായി ഖാദിംകളുടെ വൈജ്ഞാനിക മത്സരങ്ങൾ നടന്നു. വിജയികൾക്കുള്ള സമ്മാനങ്ങൾ സമാപനച്ചടങ്ങിൽവെച്ച് വിതരണം ചെയ്തു. 20-ാം തിയ്യതി സഫലമായ രണ്ട് പകലുകളുടെ അന്ത്യത്തിന് ലക്കിടിയിലെ ഇജ്തിമാഅ് വേദി സാക്ഷ്യം വഹിച്ചു. മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിന് ലോകത്തെങ്ങും കാന്തിപകരാൻ, ഖിലാഫത്തിന്റെ ശോഭയാൽ കൊരുത്ത മനസ്സുമായിട്ടാണ് യുവജനങ്ങൾ പിരിഞ്ഞുപോയത്.

# പ്രകാശം പരത്തുന്ന ജീവിതങ്ങൾ

## (സഹാബിമാരുടെ ജീവിതാനുഭവങ്ങൾ)

### ഹസ്രത്ത് ഭായി അബ്ദുൾ റഹ്മാൻ സാഹിബ് (റ)

**പി.കെ. വാഴക്കാല**



മതപരിവർത്തനം സംബന്ധിച്ചുള്ള ചർച്ചകൾ സജീവമായി നിലനിൽക്കുന്ന ഒരു കാലമാണല്ലോ ഇത്. വ്യക്തി സാതന്ത്ര്യവും ആവിഷ്ക്കാര സ്വാതന്ത്ര്യവുമെല്ലാം പ്രവിശാലമായ അർത്ഥത്തിൽ തന്നെ വ്യാഖ്യാനിക്കപ്പെടുന്ന ഇക്കാലഘട്ടത്തിലും താൻ നിൽക്കുന്നത് വൈരുദ്ധ്യങ്ങളുടെയും പൊരുത്തക്കേടുകളുടെയും കെട്ടുകഥകളുടെയും ലോകത്തിലാണെന്ന് തിരിച്ചറിഞ്ഞാലും, അതിനേക്കാൾ മികച്ച, ജീവിതത്തിന്റെ സമസ്ത മേഖലകളിലേക്കും വെളിച്ചം വീശുന്ന സൃഷ്ടാവിനെക്കുറിച്ചുള്ള സമ്പൂർണ്ണ ജ്ഞാനം പ്രദാനം ചെയ്യുന്ന ഒരു തത്വസംഹിതയെക്കുറിച്ചുള്ള അറിവ് ലഭിച്ചാലും കപട ഹൃദയത്തോടെയാണെങ്കിലും അതിൽത്തന്നെ തുടർന്നേതീരൂ എന്ന് വാശിപിടിച്ചുകൊണ്ട് നിയമം മൂലം ഇത്തരം പരിവർത്തനത്തെ തടയണം എന്നാവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു ഒരു കൂട്ടർ. മറ്റൊരു കൂട്ടരാകട്ടെ, തനിക്കനുഗുണമെന്നു കരുതിയത് സ്വീകരിക്കുകയും പിന്നീട് ശരിയല്ലാ എന്ന് പറഞ്ഞുകൊണ്ട് അതുപേക്ഷിക്കുമ്പോൾ അതിന് അനുവാദമില്ലായെന്ന് പറയുന്നു. അത്തരം മതപരിത്യാഗിവധാർഹനാണെന്ന് അന്ത്യശാസനം പുറപ്പെടുവിക്കുന്നു. വേറെ ചിലർ ചില ഭൗതിക ലക്ഷ്യങ്ങൾക്കും സ്വാർത്ഥ താത്പര്യങ്ങൾക്കും വേണ്ടി മാത്രം പേര് മാറ്റം ചെയ്യുന്നു. അതിന്റെ കോലാഹലങ്ങൾ നാം നിത്യേന കേട്ടുകൊണ്ടിരിക്കുന്നു. പട്ടിണിപ്പാവങ്ങളുടെ ദൗർബല്യം മുതലെടുത്ത് കൊണ്ട് അവരുടെ ദാരിദ്ര്യത്തെ ചൂഷണം ചെയ്തുകൊണ്ട് മതപരിവർത്തനം ചെയ്യിപ്പിച്ചു കൊണ്ടിരിക്കുന്ന വേറൊരു കൂട്ടർ. ഇത്തരുണത്തിൽ ഹരിശ്ചന്ദർ എന്ന ഭായിജിയുടെ ജീവിതം പഠനാർഹമാണ്.

പാർവ്വതിദേവിയുടെ ഉദരത്തിൽ നിന്നും 1879 ൽ ജനനം. അല്ലാഹു തന്നിലേക്കെത്തുന്നതിനുള്ള മാർഗ്ഗങ്ങളും സൂചനകളും ബുദ്ധിയും നൽകി മനുഷ്യനെ അനുഗ്രഹിച്ചിരിക്കുന്നു. അത് പ്രയോജനപ്പെടുത്തുന്നവൻ ഭാഗ്യവാൻ. ഹരിശ്ചന്ദറിനും ദൈവം സത്യമതത്തിലേക്ക്, അത് മുഖേന സത്യദൈവത്തിലേക്കും എത്തുന്നതിനുള്ള മാർഗ്ഗങ്ങൾ പ്രദാനം ചെയ്തു. ഒരു മാസം പ്രായമായപ്പോൾ ആ കുഞ്ഞ് കട്ടിലിൽ നിന്ന് വീണു. മർയം എന്ന് പേരുള്ള ഒരു മുസ്ലീം സ്ത്രീ ആ പിഞ്ചു കുഞ്ഞിനെ എടുത്ത് രാത്രി മുഴുവനും തന്റെ മാറോട് ചേർത്ത് കിടത്തി. പിന്നീട് ആ സ്ത്രീക്ക് കുഞ്ഞിനെ പിരിയാൻ കഴിയാത്തത്ര വൈകാരികമായ ഒരടുപ്പം ഉടലെടുത്തു. ഒരു രാത്രി പോലും പിരിഞ്ഞിരിക്കാൻ കഴിയാത്ത നില. അധികവും തോളിൽ കിടത്തി വിശുദ്ധ ഖുർആൻ പാരായണം ചെയ്ത് കൊണ്ട് താലോലിച്ചു. ആ കുഞ്ഞോ ഒരുപക്ഷേ ആ സ്ത്രീയോ വിചാരിക്കാതെ നൽകപ്പെട്ട ഇസ്ലാമിന്റെ പ്രഥമ ശിക്ഷണം-അവർ രണ്ടു പേരുമറിയാത്ത ഒരു രസതന്ത്രം.

അല്പം മുതിർന്നപ്പോൾ പൂർണ്ണമായും ഹൈന്ദവ വിശ്വാസാചാരങ്ങളോട് കൂറ് പുലർത്തുകയും മതപരമായ ചിട്ടകൾ കർശനമായും പാലിക്കുകയും ചെയ്യുന്ന ഒരു കുട്ടിയായി വളർന്നു. സ്ക്കൂൾ വിദ്യാഭ്യാസ കാലത്ത് സിലബസ്സിൽ "ഹിന്ദു ആചാരങ്ങൾ" എന്ന ഒരു പുസ്തകമുണ്ടായിരുന്നു. ഗ്രന്ഥകർത്താവ് വളരെ നിഷ്പക്ഷമായി ആദ്യം ഹിന്ദു ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചും മഹാത്മാക്കളുടെ ജീവിതത്തെക്കുറിച്ചും പിന്നീട് മുസ്ലീങ്ങളുടെ വിശ്വാസാചാരാനുഷ്ഠാനങ്ങളെയും നബിമാരുടെ സംഭവങ്ങളെയുമാണ് ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരുന്നത്. വെളിച്ചത്തെയും ഇരുട്ടിനെയും വ്യക്തമായി പ്രതിഫലിപ്പിക്കുന്ന ഒരു ദർപ്പണമായിരുന്നു അത്. അതിന്റെ കാന്തികശക്തി ആ ബാലനെ ഹഠാദാകർഷിച്ചു. സത്യദൈവത്തിലേക്കെത്തുന്നതിനുള്ള മറ്റൊരു മാർഗ്ഗമായിരുന്നു അത്.

മനുഷ്യന്റെ ദാരിദ്ര്യത്തെ ചൂഷണം ചെയ്ത് പലതരത്തിലുള്ള പ്രചോദനങ്ങളും നൽകി ക്രൈസ്തവ മിഷനറിമാർ ആ ഗ്രാമത്തിൽ ശക്തിയായി പ്രവർത്തിച്ചിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. തങ്ങളുടെ മതത്തിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയുന്നതിനായി ആര്യമതസമാജികളും പല ബദൽ പരിപാടികളുമായി രംഗത്ത് വന്നു. മേൽനോട്ടക്കാരനില്ലാത്ത ആട്ടിൻപറ്റങ്ങളെപ്പോലെ ചിത്രത്തിലേ ഇല്ലാതിരുന്നത് മുസ്ലീംകളായിരുന്നു. പല ഉന്നത കുടുംബത്തിലെ അംഗങ്ങളും ക്രിസ്തുമതം സ്വീകരിക്കുകയോ നിരീശ്വരവാദികളായി മാറുകയോ ചെയ്തിരുന്നു. ഇങ്ങനെയൊക്കെയായിരുന്നിട്ടും ഹരിശ്ചന്ദറിന് ഇസ്ലാമിനോടും മുസ്ലീം വിദ്യാർത്ഥികളോടും പള്ളികൾ, ബാങ്ക്, നമസ്കാരം ഈദ് ഗാഹ് തുടങ്ങിയ ഇസ്ലാമിക ചിഹ്നങ്ങളോടും ഒരു പ്രത്യേക മമതയായിരുന്നു. മുസ്ലീംകൾ അണിയണിയായി നിന്നുകൊണ്ട് തങ്ങളുടെ സൃഷ്ടാവിന്റെ മുമ്പാകെ വിനയാന്വിതരായി കുമ്പിടുന്നത് ആ ബാലൻ പലപ്പോഴും സാകൂതം നോക്കി നിന്നു. അത്ഭുതകരമെന്നു പറയട്ടെ ഇസ്ലാമിനോട് ആഭിമുഖ്യം പ്രകടിപ്പിച്ചിരുന്ന, ഇസ്ലാമിക വിഷയങ്ങളിൽ തൽപരനായിരുന്ന ആ കുട്ടിയെ ഒരാളും തബ്ലീഗ് ചെയ്യുകയോ എന്തെങ്കിലും പഠിപ്പിക്കാൻ ശ്രമിക്കുകയോ ചെയ്തിരുന്നില്ല. മാത്രമല്ല പലപ്പോഴും ജിജ്ഞാസയോട് കൂടി, അറിയാനുള്ള ആഗ്രഹത്തോടുകൂടിയുള്ള അവന്റെ അന്വേഷണ തത്പരതക്ക് അവർ യാതൊരു പരിഗണനയും നൽകിയിരുന്നുമില്ല. അങ്ങിനെയിരിക്കെ 1894ൽ 1400 വർഷങ്ങൾക്ക് മുമ്പ് നബി തിരുമേനി(സ) തന്റെ ഇമാം മഹ്ദിക്കല്ലാതെ മറ്റാർക്കും പ്രകടമാകാത്ത ദൈവികദൃഷ്ടാന്തമായി പ്രവചനം ചെയ്ത സൂര്യ ചന്ദ്ര ഗ്രഹണമുണ്ടായി. ഭായിജി ഇത് സംബന്ധമായി പറയുന്നു.

"ഞങ്ങളുടെ ഹെഡ്മാസ്റ്ററായിരുന്ന മൗലവി ജമാലുദ്ദീൻ സാഹിബ് ഈ അടയാളം ദൃശ്യമായതിന് ശേഷം ക്ലാസ്സ് റൂമിൽ വന്നുകൊണ്ട് ഇങ്ങനെ പറയുകയുണ്ടായി -അവസാന കാലത്തവതീർണ്ണരാകേണ്ട ഇമാംമഹ്ദിയുടെ വലിയ അടയാളമിതാ പൂർത്തിയയിരിക്കുന്നു. അദ്ദേഹം ഏതെങ്കിലും ഗുഹയിൽ ജനിച്ചിട്ടുണ്ടാകും, തീർച്ച. അതുകൊണ്ട് ഇനി നാം അന്വേഷിക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ ആ ശബ്ദം ഇന്നും എന്റെ കാതുകളിൽ അലയടിക്കുന്നു. ആ ദൃശ്യം ഇന്നും എന്റെ കണ്ണുകൾക്ക് മുമ്പിലുണ്ട്."

(മനുഷ്യകരങ്ങൾക്കതീതമായ, തികച്ചും ആകാശീയമായ, ദൈവം തന്റെ ഒരു ഭക്തദാസനും വേണ്ടി പ്രകടമാക്കാത്ത ഈ അത്ഭുത ദൃഷ്ഠാന്തത്തെക്കുറിച്ച് എത്ര പ്രതീക്ഷയായിരുന്നു അക്കാലത്തെ ജനങ്ങൾക്ക്. എത്ര സത്യാന്വേഷികളാണ് ഇതുമുഖേന നേർമാർഗ്ഗം പ്രാപിച്ചത്. എന്നോലഹോ കഷ്ടം! ഇന്ന് നൂറു വർഷങ്ങൾക്ക് ശേഷം അങ്ങിനെയൊന്നും സംഭവിച്ചിട്ടില്ല എന്ന് സ്ഥാപിക്കാൻ കുബുദ്ധികൾ ശ്രമിച്ച് കൊണ്ടിരിക്കുന്നു.)

സത്യഹൃദയത്തിന് ഒരുപാട് ദൃഷ്ടാന്തങ്ങളുടെ ആവശ്യമില്ല

ദൈവഭയമുള്ള ഹൃദയത്തിന് ഒരൊറ്റ അടയാളം മതിയായതാണ്.

-ഹസ്രത്ത് അഹ്മദ്(റ)

*(ബാക്കി അടുത്ത ലക്കത്തിൽ)*

# കാലത്തിന്റെ ഖലീഫയുടെ ഖുത്വ്ബാ പ്രഭാഷണങ്ങൾ

**മുഹമ്മദ് ഉമർ എച്ച്.എ. ഇൻചാർജ്ജ് മുബല്ലിഗ് കേരള**

അല്ലാഹു വിശുദ്ധഖുർആനിൽ അരുൾ ചെയ്യുന്നു. നിങ്ങളെല്ലാവരും ഒത്തുചേർന്ന് അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിക്കരുത്. (3:104)

ഇവിടെയുള്ള അല്ലാഹുവിന്റെ പാശം എന്നതിന് പല വ്യാഖ്യാനങ്ങളും മുഫസ്സിരീങ്ങൾ നൽകിയിട്ടുണ്ട്. വിശദ്ധഖുർആൻ, നബിതിരുമേനിയുടെ തിരുവചനങ്ങളും തിരുചര്യകളും ഹബ്ലുല്ലായിൽപെട്ടതാണ്. കൂടാതെ നബിതിരുമേനി (സ)യുടെ ചില തിരുവചനങ്ങളിൽനിന്നും ഖിലാഫത്തും അല്ലാഹുവിന്റെ പാശമാണെന്നു മനസ്സിലാകുന്നു. അതായത് "എനിക്കുശേഷം നിങ്ങൾ അബൂബക്കറിനെയും ഉമറിനേയും പിൻതുടരുക. കാരണം അവർ രണ്ടു പേരും ഹബ്ലുല്ലാഹ് ആകുന്നു. ആരാണോ അവരെ മുറുകെപിടിക്കുന്നത് അവർ, ഒരിക്കലും പിടിവിട്ടുപോകാത്ത സുശക്ത വളയത്തെയാണ് പിടിച്ചിരിക്കുന്നത് എന്ന് ഹദ്റത്ത് റസൂൽ കരീം(സ) അരുൾ ചെയ്തു.

ഇതിൽനിന്നും ഖിലാഫത്തും ഹബ്ലുല്ലാഹ് അഥവാ അല്ലാഹുവിന്റെ പാശം ആണെന്ന് മനസ്സിലാകുന്നു. ഇക്കാലത്ത് അല്ലാഹുവിനാൽ സംജാതമാക്കപ്പെട്ട ഹബ്ലുല്ലായാണ് അഹ്മദിയ്യാ ഖിലാഫത്ത്. ആകാശ ഭൂമിയുടെ പ്രകാശമായ (അല്ലാഹു നൂറുസ്സമാവാത്തി വൽ അർളി) അല്ലാഹുവുമായി അതെ ആ പവർസ്റ്റേഷനുമായി നേരിട്ടു ബന്ധിപ്പിക്കുന്ന വയർ ആണ് ഖിലാഫത്ത്. അതെ അല്ലാഹുവുമായി സജീവബന്ധം പുലർത്തുന്നതിനുള്ള ഒരു മാധ്യമമാണ് അഹ്മദിയ്യാ ഖിലാഫത്ത്. ആ ആത്മീയ സംവിധാനവുമായി ബന്ധം പുലർത്തിവരുന്ന നാം മഹാഭാഗ്യവാന്മാരാണ്. ആ ഖിലാഫത്തുമായി നിരന്തരം ബന്ധപ്പെടുന്നതിനുള്ള ഒരു മാധ്യമമാണ് കാലത്തിന്റെ ഖലീഫയുടെ ഖുത്ബകളും പ്രഭാഷണങ്ങളും. അവ പകർത്തി തങ്ങളിൽ ഒരാത്മീയ പരിവർത്തനം ഏർപ്പെടുത്തുകയും ചെയ്യേണ്ടത് ഈ ദൈവീകാനുഗ്രഹത്തിന് നന്ദി രേഖപ്പെടുത്തുകയാണ്.




കോഴിക്കോട് കല്ലായി ഓവർബ്രിഡ്ജിനടുത്ത് വഖാറെഅമൻ നടത്തിയ കോഴിക്കോട് മാത്തോട്ടം മജ്ലിസുകളിലെ ഖാദിമീങ്ങൾ നോർത്ത് ഇലാഖാ ഖാഇദ് ഡോ: സലാഹുദ്ദീൻ സാഹിബിന്റെ കൂടെ

*(3-ാം പേജിൽ നിന്ന്)*

അല്ലാഹുവും ദുആ ചെയ്യുന്നവരെയാണ് പരിഗണിക്കുന്നത്. അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കണമെങ്കിൽ ഓരോ വസ്തുവിന്റേയും ലഭ്യതയ്ക്കായി ആ അല്ലാഹുവിനെ തന്നെ വിളിക്കേണ്ടത് ആവശ്യമാണ്. ചെരിപ്പിന്റെ വാറാണ് നിങ്ങൾക്കാവശ്യമെങ്കിൽ അത് അല്ലാഹുവിനോട് ചോദിക്കുകയെന്ന് ഹദീസിൽ വന്നിരിക്കുന്നു.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ദുആ ചെയ്യുന്ന നേരത്ത് അശ്രദ്ധയോടും പരിഭ്രമത്തോടുംകൂടി പ്രവർത്തിക്കരുത്. പെട്ടെന്നുതന്നെ ക്ഷീണിച്ചിരിക്കാനും പാടില്ല. ദുആ അതിന്റെ പൂർണ്ണമായ ലക്ഷണം കാണിക്കുന്നതുവരെ പിന്മാറാനും പാടില്ല. ആരാണോ ക്ഷീണിക്കുകയും പരിഭ്രമിക്കുകയും ചെയ്യുന്നത് അവൻ അബദ്ധമാണ് ചെയ്യുന്നത്. കാരണം ഇത് അവഗണിക്കപ്പെടുന്നതിന്റെ അടയാളമാണ്. എന്റെ പക്കൽ ദുആ ഏറ്റവും നല്ല കാര്യമാണ്. ഞാനെന്റെ അനുഭവജ്ഞാനത്തിലൂടെ പറയുന്നു. സാങ്കല്പികമായിട്ടല്ല, ഒന്നുകൊണ്ടും പരിഹരിക്കപ്പെടാത്ത ബുദ്ധിമുട്ടായ പ്രശ്നംപോലും പ്രാർത്ഥനയിലൂടെ അല്ലാഹു എളുപ്പമാക്കിത്തരുന്നു. ഞാൻ സത്യമായും പറയുന്നു. ദുആ വളരെ പ്രബലമായ സ്വാധീനുണ്ടാക്കുന്ന കാര്യമാണ്. രോഗത്തിനുള്ള ശിഫാ അതുമുഖേന ലഭിക്കുന്നു. ഭൗതികമായ ബുദ്ധിമുട്ടുകളും ഞെരുക്കങ്ങളും അതുമുഖേന പരിഹരിക്കപ്പെടുന്നു. ശത്രുക്കളുടെ ഗൂഢപദ്ധതികളിൽനിന്ന് ദുആ രക്ഷിക്കുന്നു. ദുആ കൊണ്ട് ലഭിക്കാത്ത എന്ത് കാര്യമാണുള്ളത്? ഏറ്റവും ഉപരിയായി മനുഷ്യനെ പരിശുദ്ധമാക്കുന്നതും ഈ ദുആ തന്നെയാണ്. അല്ലാഹുവിലുള്ള ജീവസ്സുറ്റ വിശ്വാസം ഇത് പ്രദാനം ചെയ്യുന്നു. ദുആയിൽ വിശ്വാസമുള്ള മനുഷ്യൻ വലിയ ഭാഗ്യവാനാണ്. കാരണം അവൻ അല്ലാഹുവിന്റെ അത്യത്ഭുതകരമായ ശക്തിപ്രഭാവങ്ങളെയാണ് കാണുന്നത്. അല്ലാഹു സർവ്വക്തനും ഉദാരനുമാണെന്ന് കണ്ടുകൊണ്ടാണ് അവർ അവനെ വിശ്വസിക്കുന്നത്."

മറ്റൊരിടത്ത് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "ദുആ ഉഗ്രമായൊരു ശക്തിയാണ്. അതുമുഖേന വലിയ വലിയ പ്രയാസകരമായ കാര്യങ്ങൾ എളുപ്പത്തിൽ പരിഹരിക്കപ്പെടുന്നു. പ്രയാസകരമായ നിലകളെ എളുപ്പത്തോടെ മനുഷ്യൻ തരണം ചെയ്യുന്നു. അല്ലാഹുവിൽനിന്ന് വരുന്ന അനുഗ്രഹത്തെ ആകർഷിച്ചെടുക്കുന്ന ഒന്നാണ് പ്രാർത്ഥന. ആരാണോ അധികമധികമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത് അവൻ അവസാനം ആ അനുഗ്രഹത്തെ വലിച്ചെടുക്കുന്നു. അല്ലാഹുവിൽനിന്ന് സഹായം ലഭിച്ചവനായിക്കൊണ്ട് തന്റെ ഉദ്ദേശ്യങ്ങൾ പ്രാപിക്കുന്നു. അതെ, വെറും പ്രാർത്ഥനയല്ല അല്ലാഹുവിന്റെ ഉദ്ദേശ്യം. ഒന്നാമതായിട്ട് സകല പരിശ്രമങ്ങളും കഠിനാധ്വാനങ്ങളും ഉണ്ടാകണം. അതിനോടൊപ്പം പ്രാർത്ഥനയെ പ്രയോജനപ്പെടുത്തുകയും വേണം. മാർഗ്ഗങ്ങളേയും പ്രയോജനപ്പെടുത്തണം. പ്രാർത്ഥനയുടെ മര്യാദകൾ അറിയാത്തതുകൊണ്ടാണ് മാർഗ്ഗങ്ങളെ പ്രയോജനപ്പെടുത്താതിരിക്കുകയും വെറും ദുആ മാത്രം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നത്. അത് അല്ലാഹുവിനെ പരീക്ഷിക്കലാണ്. മാർഗ്ഗങ്ങളെ മാത്രം അവലംബമാക്കിക്കൊണ്ട് അതിൽ ഒതുങ്ങിനിൽക്കുന്നതും ഭൗതികമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതും പ്രാർത്ഥനയെ ഒന്നുമല്ലാത്തതായി കരുതുന്നതും നിരീശ്വ

*(7-ാം പേജിൽ)*

## ഖുർആൻ

"നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. മറ്റൊന്നിനെയും അവന്റെ കൂടെ പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നിങ്ങൾ നന്മ ചെയ്യുക. അടുത്ത ബന്ധുക്കൾ, അനാഥർ, അഗതികൾ, അടുത്ത ബന്ധുവായ അയൽവാസി, അന്യനായ അയൽവാസി, തൊട്ടടുത്ത കൂട്ടുകാരൻ, യാത്രക്കാരൻ നിങ്ങളുടെ ഉടമസ്ഥതയിലുള്ളവർ എന്നിവർക്കും നന്മ ചെയ്യുക. അഹംഭാവിയും പൊങ്ങച്ചക്കാരനുമായവനെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല ." (*4:37*)

## നബിവചനം

"ഇഷ്ടപ്പെടാത്ത അവസരങ്ങളിൽ പൂർണ്ണമായി വുസു ചെയ്യുക. ദൂരെയാണെങ്കിലും നിങ്ങൾ പള്ളിയിലേക്ക് ചെല്ലുക. ഒരു നേരത്തെ നമസ്കാരമനുഷ്ഠിച്ചശേഷം ആകാംക്ഷയോടെ അടുത്ത നമസ്കാരത്തിനായി കാത്തിരിക്കുക. അതിർവരമ്പുകൾ കാത്തുരക്ഷിക്കാനുള്ള ശരിയായ മാർഗ്ഗമിതാണ്." (*മുസ്‌ലിം*)

## യുഗശബ്ദം



നിങ്ങളുടെ ശക്തി മുഴുവനും ഭൂമിയിൽ ഏകത്വത്തെ സ്ഥാപിക്കുന്നതിന്നായി വിനിയോഗിക്കുവിൻ. നിങ്ങളുടെ നാവ് മറ്റുള്ളവരെ ചീത്തപറയാതിരിക്കുകയും നിങ്ങളുടെ കൈകൾ അവരെ പരിക്കേൽപിക്കാതിരിക്കുകയും ചെയ്യട്ടെ. നിങ്ങൾ അവരെ ഉപദ്രവിക്കല്ലാ. എന്നാൽ, അവർക്ക് നന്മ ചെയ്യാൻ കഴിയുന്നതും ശ്രമിക്കുവിൻ. നിങ്ങളുടെ കീഴിലുള്ളവനായിരുന്നാലും നിങ്ങളുടെ പണിക്കാരനായിരുന്നാലും ആരോടും വ്യർത്ഥവും അഹംഭാവപൂർവ്വവുമായുള്ള വാക്കുകൾ സംസാരിക്കല്ലാ. നിങ്ങളെ ചീത്തപറഞ്ഞാലും നിങ്ങൾ ഒരുവനെയും ചീത്ത പറയരുത്. ഭൂമിയിൽ വിനയഭാവത്തോടും ശാന്തഗുണത്തോടും കൂടെ നടക്കുകയും സഹജീവികളോട് അനുകമ്പയുള്ളവരായിരിക്കയും ചെയ്‌വിൻ. എന്നാൽ ദൈവം നിങ്ങളെ സ്വീകരിക്കും. പുറമെ വിനയഭാവം കാട്ടുന്നവർ വളരെയുണ്ട്. എന്നാൽ അകമേ അവർ ഇരതേടി നടക്കുന്ന ചെന്നായ്ക്കളത്രേ. കാഴ്ചയിൽ ശാന്തശീലന്മാരായും അനവധി പേരെ കാണാം. എങ്കിലും അവരുടെ പ്രകൃതം സർപ്പത്തിന്റേതത്രെ. നിങ്ങളുടെ നാവ് നിങ്ങളുടെ ഹൃദയത്തിന് അനുരൂപമായിരിക്കുന്നതുവരെ നിങ്ങളുടെ ദൈവം നിങ്ങളെ സ്വീകരിക്കില്ല. നിങ്ങൾ ഉയർന്ന സ്ഥാനത്താണെങ്കിൽ നിങ്ങളുടെ വലിപ്പത്തെപ്പറ്റി അഹങ്കരിക്കാതിരിക്കുകയും നിങ്ങളിൽ താഴ്ന്നവരെ നിന്ദാപൂർവ്വം നോക്കാതെ അവരിൽ കരുണയുള്ളവരായിരിക്കയും ചെയ്‌വിൻ. നിങ്ങൾ പഠിപ്പുള്ളവരാണെങ്കിൽ നിങ്ങളുടെ പഠിപ്പിനെ കുറിച്ച് ഡംഭ് കാട്ടാതിരിക്കുകയും പഠിപ്പില്ലാത്തവരെ പരിഹസിക്കാതെ അവർക്ക് സദുപദേശം നൽകുകയും ചെയ്‌വിൻ. നിങ്ങൾ ധനവാന്മാരാണെങ്കിൽ നിങ്ങളുടെ ധനത്തിൽ ഗർവ്വിക്കാതെയും സാധുക്കളോട് അഹംഭാവേന പെരുമാറാതെ അവരെ ശുശ്രൂഷിക്കുകയും സഹായിക്കുകയും ചെയ്‌വിൻ. നാശത്തിലേക്കുള്ള വഴികളെയെല്ലാം അടച്ചുകളയുവിൻ. ദൈവത്തെ ഭയപ്പെട്ട് ധർമ്മത്തെ ആചരിക്കുവിൻ. സൃഷ്ടികളെ പൂജിക്കാതെ ഭൗമീകമായ ബന്ധങ്ങളെയെല്ലാം അകറ്റി പൂർണ്ണമായും നിങ്ങൾ ദൈവഭക്തിയിൽ ലയിക്കുവിൻ. നിങ്ങളുടെ ആനന്ദം ഈ ലോകത്തിലായിരിക്കരുത്. ദൈവത്തെ മാത്രം സേവിക്കുവിൻ. നിങ്ങളുടെ ജീവിതത്തെ അവന്റെ പണിക്കായി വിനിയോഗിക്കുവിൻ. ദൈവത്തിനുവേണ്ടി എല്ലാതരം അശ്രദ്ധയേയും ദുഷ്ടതയേയും ഒഴിവാക്കുവിൻ. കാരണം നിങ്ങളുടെ ദൈവം പരിശുദ്ധനാകുന്നു. രാത്രി മുഴുവൻ ധാർമ്മികാവസ്ഥയിൽ കഴിഞ്ഞുകൂടിയെന്ന് ഓരോ പ്രഭാതവും നിങ്ങൾക്ക് സാക്ഷ്യം വഹിക്കട്ടെ. പകൽ മുഴുവനും ദൈവഭയത്തിൽ കഴിച്ചുകൂട്ടിയെന്ന് ഓരോ സായാഹ്നവും നിങ്ങൾക്ക് സാക്ഷി പറയട്ടെ.

(*കിശ്തിനൂഹ്*)

*ചരിത്രരേഖകൾ.....................2*

*സമ്പാ: ടി. ശറഫുദ്ദീൻ*

# ഇസ്‌ലാമിക പ്രബോധനം

### 1925 ൽ കോഴിക്കോടുള്ള പല സഭക്കാരും അഹ്‌മദികൾക്കെതിരെ നിരോധന നോട്ടീസുകൾ ഇറക്കിയപ്പോൾ അതിന് മറുപടിയായി ഇറക്കിയ ഒരു നോട്ടീസ്..........

''അഹ്‌മദിയ്യാക്കൾ ആരാണ്?"

മലബാർ അഹ്‌മദിയ്യാ സംഘംവകയായി ഈ അക്ടോബർ 1-ന് പ്രസിദ്ധം ചെയ്ത നോട്ടീസ്സിന്റെ ഫലമായിട്ടു കോഴിക്കോട്ടുള്ള പല സഭക്കാരുടേയും വകയായി കുറെ നിരോധനനോട്ടീസ്സുകൾ പുറപ്പെട്ടിട്ടുള്ള വിവരം വായനക്കാർ ഏവരും അറിയുന്നുവല്ലൊ. ഈ നോട്ടീസ്സുകൾ ഓരോന്നും വിളിച്ചുപറയുന്നതു, അഹ്‌മദിയാക്കൾ മുസ്‌ലിമീങ്ങളല്ലെന്നും തന്നിമിത്തം അവരുടെ പ്രസംഗങ്ങൾ മുസ്‌ലിമീങ്ങളെന്നു പറയുന്നവരാരും കേട്ടുപോകരുതെന്നുമാണ്. അഹ്‌മദിയാക്കൾ മുസ്‌ലിമീങ്ങളല്ലെന്നുള്ളതിലേക്കു ടി. നോട്ടീസ്സുപ്രസാധകന്മാർ പുറപ്പെടുവിക്കുന്ന വലുതായ രേഖ, അഹ്‌മദിയാക്കൾ 'കാഫിർ' ആണെന്ന് ചില മുസലിയാക്കന്മാർ പറയുന്നതാണത്രെ! എന്നാൽ മുസലിയാന്മാരുടെ ഇത്തരം തീർപ്പുകളെ ആധാരമാക്കി മുസ്‌ലിമീങ്ങളിൽ ഓരോ കൂട്ടരെ കാഫിറാക്കാമെന്നു വിചാരിച്ചാൽ ലോകത്തിൽ മുസ്‌ലമീങ്ങൾ എന്ന ഒരു വർഗ്ഗംതന്നെ കാണുകയില്ലെന്നുള്ളത് വിവിധ 'മുസലിയാർസംഘ'ങ്ങൾ പരസ്പരം കൊടുത്തുവരുന്ന 'ഫത്‌വ'കളെപ്പറ്റി പര്യാലോചന ചെയ്യുന്നവർക്കൊക്കെ മനസ്സിലാകുന്നതാണ്. ഉദാഹരണമായി, നമ്മുടെ കേരളത്തിലെ അവസ്ഥതന്നെ നോക്കുക: 'ഐക്യസംഘത്തെ'പ്പറ്റി പ്രസ്തുത നോട്ടീസ്സുകാരിൽ ഒരുകൂട്ടരായ 'കേരള ജംഇയ്യത്തുൽ ഉലമാ'യുടെ വിധിയെന്താണ്? അവർ യഥാർത്ഥ മുസ്‌ലിമീങ്ങൾ എന്നാണൊ? ഖിലാഫത്ത് പ്രസ്ഥാനത്തിൽ പങ്കുകൊള്ളാത്ത മുസലിയാക്കന്മാരെപ്പറ്റി 'ഖിലാഫത്ത് മുസലിയാ'ക്കന്മാരുടെ വിധിയെന്താണ്? 'ലാമൌജൂദഇല്ലല്ലാ' എന്നു ചൊല്ലുവാൻ പാടുണ്ടെന്ന് പറയുന്ന മുസലിയാന്മാരും അങ്ങനെ പാടില്ലെന്നു പറയുന്ന മുസലിയാന്മാരും അന്യോന്യം കൊടുത്തിട്ടുള്ള വിധിയെന്ത്? 'അയിൻഖിബ്‌ലാ'യെ അഭിമുഖീകരിച്ചുതന്നെ നമസ്കരിക്കണമെന്നു പറഞ്ഞ മുസലിയാക്കന്മാരെപ്പറ്റി ഇതരമുസലിയാന്മാർ വിധിച്ചതെന്ത്? ഇങ്ങനെ നോക്കിയാൽ, കേരളത്തിൽ 'കാഫിർ' എന്ന പേർ സമ്പാദിക്കാത്ത ഒരൊറ്റ സംഘമെങ്കിലുമുണ്ടോ?

ഇനി ഇതരരാജ്യങ്ങളിലേക്ക് തിരിയാം. ഖിലാഫത്ത് ലോകത്തിൽ എത്രയും വിശ്രുതനായ മൗലവി സഫറലിഖാനെയും സഹചരന്മാരെയും കുറിച്ച് ഹിസ്ബുൽ അഹനാഫ് സംഘക്കാർ കൊടുത്തിരിക്കുന്ന വിധിയെന്ത്? ഇന്ത്യയിലുള്ള ഉലമാസംഘങ്ങളിൽവെച്ച് പ്രഥമസ്ഥാനത്തെ അർഹിക്കുന്ന പ്രബോധിക്കുന്ന സംഘത്തെപ്പറ്റി അതിൽനിന്നും ഒട്ടും അപ്രധാനമല്ലാത്ത 'ബറേലി' ഉലമാസംഘത്തെകുറിച്ചിട്ടുള്ളതെന്ത്? ഇക്കഴിഞ്ഞ ലോകമഹായുദ്ധത്തിൽ തുർക്കികൾ അറബികൾക്കെതിരായി ശരീഫിനെ ആക്രമിച്ചപ്പോൾ അവരുടെ പീരങ്കിയുടെ കഅബാശരീഫിൽ വീണെന്ന ഹേതുവിൽ മക്കായിലെ ഉലമാക്കൾ തുർക്കികളെപ്പറ്റി പ്രസ്താവിച്ച 'ഫത്വാ' എന്ത്? സെയ്യിദ്ഗോത്രത്തിൽപ്പെട്ട ശരീഫ് ഹുസൈൻ അവർകളും പുണ്യമക്കാനിവാസികളും ഇംഗ്ലീഷുമായി സഖ്യം ചെയ്തതു ഹേതുവാൽ അവരെപ്പറ്റി ഇന്ത്യൻ ഖിലാഫത്ത് മൗലവിമാരും തുർക്കികളും ഫത്വാ ചെയ്തതെന്ത്? സുൽത്താൻ ഇബ്നുസഊദ് മദീനാശരീഫിനെ ആക്രമിച്ചു റസൂൽ കരീം(സ) തിരുമേനിയുടെ 'റൗളാ'യിന്മേലും മറ്റുചില മഹാത്മാക്കളുടെ ഖബറുകളിലും ചില പള്ളികളിലും വെടിയുണ്ടകളയച്ച കാരണത്താൽ അദ്ദേഹത്തേയും അനുചരന്മാരേയും പറ്റി ഇന്ത്യൻ ഉലമാക്കന്മാരിൽ ഭൂരിപക്ഷവും വിധിച്ചതെന്ത്? ഈ സുൽത്താൻ ഇബ്നുസഊദ് പുണ്യമദീനാനിവാസികളായ സുന്നിയാക്കളെപ്പറ്റി പറഞ്ഞതെന്ത്? സുൽത്താൻ ഇബ്നു സഊദിനെപ്പറ്റി വിധി പ്രസ്താവിച്ച ആ ഭൂരിപക്ഷം ഉലമാക്കന്മാരെകുറിച്ച് ബാക്കിയുള്ള ഉലമാക്കന്മാർ തീർപ്പു കൊടുത്തതെന്ത്? ലോകവിശ്രുതന്മാരായ അലീസഹോദരന്മാർ ഇയ്യിടെ സുൽത്താൻ ഇബ്നുസഊദിനെ പിന്താങ്ങിയ കാരണത്താൽ ആ മഹാന്മാരെപ്പറ്റി ഒരു കൂട്ടം ഉലമാക്കന്മാർ പാറഞ്ഞതെന്ത്? പരേതനായ തുർക്കി സുൽത്താൻ അബ്ദുൽഹമീദ്ഖാൻ അവർകളെ 'ഖിലാഫത്ത് പീഠ'ത്തിൽനിന്നും അഥവാ തുർക്കിസിംഹാസനത്തിൽ നിന്നും സ്ഥാനഭ്രംശം ചെയ്യുവാൻ കരണമായ മുസ്‌ലിം ലോകത്തിന്റെ 'ഷൈഖുൽഇസ്‌ലാ'മിന്റെ വിധിയെന്ത്? ഖിലാഫത്ത് സ്ഥാനത്തെ തുർക്കിയിൽ നിന്നും നിഷ്ക്കാസിച്ചുകളഞ്ഞ അവസരത്തിൽ, തുർക്കി സാമ്രാജ്യത്തിന്റെ പുനരുദ്ധാരകനായ ഗാസി, മുസ്തഫാകമാൽപാഷാ അവർകൾ ഉലമാക്കന്മാരുടെ പക്കൽ ആരായിത്തീർന്നു? കാഫിർ അല്ലേ? ഇങ്ങനെ ഉലമാക്കന്മാരുടേയും രാജാക്കന്മാരുടേയും വിധികളെ ആധാരമാക്കാമെന്നുവെച്ചാൽ ഇന്ന് ലോകത്തിൽ 'മുസ്‌ലിം' എന്ന പേരിന് അർഹൻ ഒരുവനെങ്കിലുമുണ്ടൊ എന്നു സംശയമാണ്.

ഇനി പൗരാണികമുസ്‌ലിംലോകത്തിൽ ഒന്നു കടന്നുനോക്കുകയാണെങ്കിൽ, ഇന്ന് സകല മുസ്‌ലിംകളുടെയും ഭക്തിവിശ്വാസ ബഹുമാനാദികൾക്ക് പാത്രീഭൂതന്മാരായിരിക്കുന്ന ഗൗസുൽഅഅ്സം മുഹ്‌യിദ്ദീൻ അബ്ദുൽഖാദിർ ജീലാനീ(ഖ), അശ്ശൈഖുൽ അക്ബർ മുഹ്‌യിദ്ദീനിബ്‌ൻ അറബീ(റ) ആദിയായ മഹാനുഭാവന്മാർക്ക് അന്നത്തെ ഉലമാക്കന്മാർ നൽകിയ സ്ഥാനമാനങ്ങൾ സിന്തീഖ, കാഫിർ എന്നിതുകളല്ലേ?

ഇനി, ഇന്നത്തെ ഉലമാക്കന്മാരുടെ വിധികൾക്കുള്ള കാലാവധി, സഹകരണത്യാഗം സംബന്ധമായി കൗൺസിൽ പ്രവേശനം, സർക്കാരുദ്യോഗം വഹിക്കുക, ഗവർമ്മെന്റിന്റെ സ്ഥാനമാനങ്ങൾ സ്വീകരിക്കുക എന്നിവ 'ഹറാ'മായതിനുശേഷം 'ഹലാ'ലായതിലും അതുകളെ അംഗീകരിച്ചവർ 'കാഫി'റായതില്പിന്നെ ഇപ്പോൾ താനെ 'ഇസ്‌ലാ' മായതിലുംനിന്ന് തീരുമാനിക്കാവുന്നതാണ്. ഇപ്രകാരം മുസ്‌ലിംലോകത്തിൽ 'മുക്കാലെമൂന്നാണിയും മുക്കാമാഹാണി'യും മുസലിയാന്മാരുടെ പക്കൽ 'കാഫിർ' ആയിരിക്കെ അഹ്‌മദിയാക്കൾ ഈ മുസലിയാക്കന്മാരുടെ നോട്ടത്തിൽ 'കാഫി'റായിപ്പോയതിൽ അതിശയിപ്പാനില്ല! ഇനി കുറച്ചു കാലം ചെല്ലുമ്പോൾ, അതായത്, മുസലിയാന്മാരുടെ ഈ വിധിക്കു കാലഹരണം വരുമ്പോൾ, ഈ അഹ്‌മദിയാക്കളും തനിയെ 'മുസ്‌ലിമീ'ങ്ങളായിത്തീരും എന്നുള്ളതിൽ സന്ദേഹമേയില്ല. അതങ്ങിനെയായി!

ഇനി അഹ്‌മദിയാക്കൾക്കു മുസലിയാക്കളുടെ നേരെ വിരോധമുണ്ടെന്ന് പറയുന്നതിനെപ്പറ്റി രണ്ട് വാക്കുപറഞ്ഞുകൊള്ളട്ടെ. മേൽപറഞ്ഞ സംഗതികളെപ്പറ്റി ആലോചിക്കുന്നതായാൽ, ഇസ്‌ലാമിനെക്കുറിച്ച് അല്പമെങ്കിലും അഭിമാനമുള്ള ഏതൊരു മുസ്‌ലിമിന്നാണ് ഇവരെക്കുറിച്ച് വെറുപ്പുതോന്നാത്തത്? പിന്നെ, ഇസ്‌ലാമിനെ സർവ്വോപരി സ്നേഹിക്കുകയും അതിനെ സർവ്വസ്വമായി വരിക്കുകയും ചെയ്തിരിക്കുന്ന അഹ്‌മദിയാക്കൾക്കു ഈ മുസല്യാന്മാരെക്കുറിച്ചു വെറുപ്പുണ്ടാവുകയില്ലെ? എന്നാൽ ഞങ്ങൾക്ക് അവരുടെ നേരെ വല്ല വെറുപ്പുമുണ്ടെങ്കിൽ അത് അവരെസ്സംബന്ധിച്ചല്ല, അവരുടെ പ്രവൃത്തികളെ സംബന്ധിച്ചാണ്.

പിന്നെ, അഹ്‌മദിയാക്കൾ കാഫിറായിപ്പോയതുകൊണ്ട് അവരെ കൊല്ലണംപോലും! എന്നാൽ മുസലിയാക്കന്മാരിൽ കാഫിരീങ്ങളായ മേൽപറഞ്ഞ കൂട്ടരെല്ലാം കൊലക്ക് അർഹന്മാർ തനനെയോ ----------- --- വരുന്നുണ്ടോ? ബ്രിട്ടീഷ് സംരക്ഷണയികീഴിലുള്ളവരെ കൊല്ലുവാൻ തരമില്ലെങ്കിൽ ഇവരുടെ ഇസ്‌ലാമിക ഭരത്തിങ്കീഴിലുള്ളവരൊക്കെ കൊല്ലുന്നുണ്ടോ! മൗലാനാ മുഹമ്മദലി മുതലായ മഹാന്മാർ മുർത്തദിനെ കൊല്ലുവാൻ പാടില്ലെന്ന് പറയുന്നതു തങ്ങളെയും കൊന്നുപോകുമെന്നു ഭയപ്പെട്ടിട്ടായിരിക്കുമൊ? മുസലിയാക്കന്മാരുടെ 'കാഫിർസംഘ'ത്തിൽ അവരും അകപ്പെട്ടിരിക്കുന്നുവല്ലൊ. കയ്യൂക്കുള്ളവരുടെ കയ്യാൽ കയ്യൂക്കില്ലാത്ത സാധുക്കൾ കൊല്ലപ്പെട്ടുപോകുന്നതുകൊണ്ടു അവർ 'കാഫിർ' ആകുമെങ്കിൽ, അമ്മാ റിബ്നുയാസിർ(റ) മുതലായ സഹാബാക്കളും ഈ മുസലിയാക്കന്മാരുടെ പക്കൽ 'മുർത്തദ്' ആയിരിക്കാം.

പിന്നെ, അഹ്‌മദിയാക്കൾ കാഫിറായിപ്പോയിരിക്കുന്നുവെന്നുള്ളതിലേക്കു ടി. നോട്ടീസ്സുകാർ പുറപ്പെടുവിക്കുന്ന മറ്റൊരു രേഖ, അഹ്‌മദിയാക്കളെ കണ്ണൂക്കാർ പള്ളികളിൽനിന്നും പുറത്താക്കിയതും മറ്റുമാണുപോൽ! അങ്ങനെയാണെങ്കിൽ, സകല പള്ളികൾക്കും ശിരോലങ്കാരമായ കഅബാശരീഫിൽനിന്നു 'സകല ലോകൈകാനുഗ്രഹ'മായവതരിച്ച റസൂൽ കരീം(സ) തിരുമേനിയേയും പ്രിയസഖാക്കളേയും, തിരുമേനിയുടെ കാലശേഷം മറ്റുചില പള്ളികളിൽനിന്നു ചില ഇമാമീങ്ങളേയും പുറത്താക്കിയതുകൊണ്ടും മറ്റും അവരെല്ലാം ഈ മുസലിയാന്മാരുടെ പക്കൽ ആരോ! എന്തോ!

(*ബാക്കി അടുത്ത ലക്കത്തിൽ*)

## പാവം പ്ലൂട്ടോ

നവഗ്രഹങ്ങൾ ക്ഷമിക്കണം, അഷ്ടഗ്രഹങ്ങൾ തങ്ങളുടെ ഭ്രമണപഥങ്ങളിൽ വലയം ചെയ്യുകയും ടെക്സ്റ്റ് ബുക്കുകളിൽ ഗ്രഹങ്ങളെന്ന പദവി കൈയാളുകയും ചെയ്യുമ്പോൾ പാവം പ്ലൂട്ടോ തരം താഴ്ത്തപ്പെടുന്നു. ഒരു 'ഗ്രഹ'ത്തിന് വേണ്ട യോഗ്യതകൾ അന്താരാഷ്ട്ര ബഹിരാകാശ സംഘടന പുനർനിർണ്ണയം ചെയ്തപ്പോൾ മൂന്നിൽ രണ്ടെണ്ണം മാത്രമേ പ്ലൂട്ടോയ്ക്കുള്ളൂ. ഗ്രഹമായിത്തീരണമെങ്കിൽ മൂന്നിൽ മൂന്നും നേടിയിരിക്കണം. സ്വാഭാവികമായും പ്ലൂട്ടോ കുള്ളൻഗ്രഹങ്ങളുടെ മുന്നണിയിലേക്ക് മാറ്റപ്പെട്ടു. നീണ്ട ഒരു വിവാദമാണ് ഇതോടെ അവസാനിച്ചത്. മറ്റൊരു വിവാദം തുടങ്ങുകയും ചെയ്തു.

1930-ൽ ആണ് ക്ലൈഡ് ടോംബോ കണ്ടെത്തിയ പ്ലൂട്ടോയെ ഒരു ഗ്രഹമായി ഇന്റർനാഷണൽ അസ്ട്രോണമിക്കൽ യൂണിയൻ അംഗീകരിക്കുന്നത്. ഇതേ സംഘടന തന്നെ 2006 ആഗസ്റ്റ് 24-ന് പ്ലൂട്ടോയുടെ പദവി എടുത്തുകളയുകയും

(*ശേഷം 7-ാം പേജിൽ*)

## ഖുത്ബ വിതരണം

**മാത്തോട്ടം:** ആഗസ്റ്റ് 19,20 തിയ്യതികളിൽ വയനാട് വെച്ച് നടന്ന ഇലാഖ ഇജ്തിമായിൽ മൗലവി ഇസ്മായീൽ സാഹിബിന്റെ ഉപദേശമനുസരിച്ച് മാത്തോട്ടം ഖുദ്ദാമുൽ അഹ്‌മദിയ്യാ പ്രദേശത്തെ 60 ഓളം വീടുകളിൽ ഹുസൂറിന്റെ ഖുത്ബകൾ എത്തിച്ചുകൊണ്ടിരിക്കുന്നു. ഖാഇദിന്റെ നിർദ്ദേശപ്രകാരം അഞ്ച് സാഇഖ്മാരുടെ നേതൃത്വത്തിലാണ് ഈ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്.

## അഹ്‌മദിഡോക്ടർമാർ ഘാനയിൽ

**അക്ര (ഘാന):** അക്രയിലെ കോറൽ-ബും ടീച്ചിംഗ് ഹോസ്പിറ്റലിൽ ഡോ. ഖാൻ നയിക്കുന്ന 9 അംഗ മെഡിക്കൽ ടീം സേവനം തുടങ്ങി. ഈ സംഘം ദാബോസ്, അസോകോൾ തുടങ്ങിയയിടങ്ങളിലെ അഹ്‌മദി ഹോസ്പിറ്റലുകളിലും ഓപ്പറേഷനടക്കമുള്ള സൗജന്യവൈദ്യ സഹായങ്ങൾ നല്കുന്നതാണ്. ന്യൂറോസർജറി, പീഡിയാട്രിക്, പെയിൻ കെയർ തുടങ്ങിയ വൈദ്യമേഖലകളിലെ പ്രഗത്ഭന്മാർ അടങ്ങിയ ഈ സംഘം ഘാനയുടെ ആരോഗ്യമന്ത്രാലയവുമായി സഹകരിച്ചാണ് പ്രവർത്തിക്കുക.




ഖുദ്ദാമുൽ അഹ്‌മദിയ്യാ നോർത്ത് ഇലാഖാ ഇജ്തിമയിൽ ചാമ്പ്യന്മാരായ മാത്തോട്ടം മജ്‌ലിസ് അംഗങ്ങൾ ഇലാഖാ ഖാഇദ് സാഹിബിന്റെ കൂടെ

## പിന്നിട്ട നാളുകൾ

# ഇമ്പിച്ചി കോയട്ടി സാഹിബ്

**തയ്യാറാക്കിയത് - ശംസുദ്ദീൻ**

ഇമ്പിച്ചികോയട്ടി സാഹിബ്. കോഴിക്കോട് ജമാഅത്തിലെ ഒരവിഭാജ്യഘടകമായ ഈ വ്യക്തി കോഴിക്കോട് കാരപ്പറമ്പ് മരക്കാംകണ്ടി തറവാട്ടിലെയാണ്. ഇദ്ദേഹം ജന്മനാ അഹ്മദിയായിരുന്നില്ല. 1964-ലാണ് ജമാഅത്തിൽ പ്രവേശിച്ചത്. അതിനു മുമ്പ് തികഞ്ഞ ഒരു മുജാഹിദ് ആശയക്കാരൻ. ഇമ്പിച്ചികോയട്ടി എന്ന മുജാഹിദ് യുവാവ് കാലഘട്ടത്തിലെ 'സത്യദൂതനെ' തിരിച്ചറിയുകയായിരുന്നു. അതിന് നിദാനമായത് സത്യദൂതന്റെ പഴയതാളുകളും. ചെറുപ്പകാലത്ത് ജ്യേഷ്ഠസഹോദരന്റെ കൂടെ ഒരു സ്റ്റേഷനറി കടയിലായിരുന്നു. കടയിൽ സാധനങ്ങൾ പൊതിഞ്ഞുകൊടുത്തിരുന്നത് പഴയകടലാസുകളിലാണ് - ആ കാലഘട്ടത്തിൽ ഇന്നത്തെ പോലെ പ്ലാസ്റ്റിക് യുഗം തുടങ്ങിയിരുന്നില്ലല്ലോ- ഒരിക്കൽ സാധനങ്ങൾ പൊതിഞ്ഞുകൊടുക്കാനായി കടയിൽ എത്തിയത് സത്യദൂതൻ മാസികയുടെ പഴയ ലക്കങ്ങൾ. ഒരു ദിവസം പൊതിയാനെടുത്ത കടലാസിൽ ഇമ്പിച്ചികോയട്ടിയുടെ ശ്രദ്ധ പതിഞ്ഞു. അതിലെ ഒരു തലവാചകത്തിലാണ് ഇദ്ദേഹത്തിന്റെ കണ്ണ് പതിഞ്ഞത്. "ഇസാനബി മരിച്ചിട്ടില്ലേ?" എന്നതായിരുന്നു തലവാചകം. ചെറുപ്പകാലം മുതൽ തന്നെ മതകാര്യങ്ങൾ വായിക്കുന്ന പതിവുണ്ടായിരുന്നു. ഇമ്പിച്ചികോയട്ടി ആ താളുകൾ പൊതിയാനെടുത്തില്ല. അത് മാറ്റിവെച്ചു, വായിക്കാനായി. മുജാഹിദ് ആശയവുമായി നടന്നിരുന്ന കാലത്ത് തന്നെ ഈസാനബി ജീവിച്ചിരിപ്പുണ്ടെന്ന വിശ്വാസം ഇമ്പിച്ചി കോയട്ടി സാഹിബിന് ബോധിച്ചിരുന്നില്ല. വലിയ മൗലവി സാഹിബ് മൗലാനാ അബ്ദുല്ലാ സാഹിബ് എച്ച്.എ. എഴുതിയ പ്രസ്തുത ലേഖനം അദ്ദേഹം വായിച്ചു. അതിനു ശേഷം കടയിലെത്തുന്ന സത്യുദൂതന്റെ പഴയലക്കങ്ങൾ സാധനങ്ങൾ പൊതിയാതെ മാറ്റിവെച്ചു. അവ സ്ഥിരമായി വായിക്കാനാരംഭിച്ചു. കുറച്ചുനാളുകൾ കഴിഞ്ഞപ്പോൾ ജ്യേഷ്ഠന് കാര്യം മനസ്സിലായി. അനുജന്റെ പോക്ക് ശരിയല്ല. അയാൾ മനസ്സിൽ പറഞ്ഞു. അനുജനെ ഉപദേശിച്ചു നന്നാക്കാൻ ശ്രമിച്ചു. പിന്നെ ദ്വേഷ്യപ്പെട്ടു. അപ്പോഴേക്കും ഇമ്പിച്ചികോയട്ടി എന്ന 17 കാരന് പുതിയ നാമം കിട്ടിക്കഴിഞ്ഞിരുന്നു. 'ഖാദിയാനി' എന്ന നാമം. പക്ഷെ, അദ്ദേഹം അഹ്മദിയായിക്കഴിഞ്ഞിരുന്നില്ല.



ഇമ്പിച്ചികോയട്ടി സാഹിബ് വലിയ മൗലവി സാഹിബിനെ നേരിൽ കാണാൻ തീർച്ചപ്പെടുത്തി. അതിനുവേണ്ടി ദാറുസ്സലാമിലെത്തി. മൗലവി സാഹിബുമായി സംസാരിച്ചു. ക്രമേണ അഹ്മദിയ്യാ സാഹിത്യങ്ങൾ വായിക്കാനാരംഭിച്ചു. ആദ്യമായി സന്മാർഗ്ഗദർശിനി എന്ന ഗ്രന്ഥം വായിച്ചു തീർത്തു. ഇമ്പിച്ചി കോയട്ടി ഖാദിയാനികളുടെ പള്ളിയിൽ പോകുന്നതും അവരുടെ ഗ്രന്ഥങ്ങൾ വായിക്കുന്നതും പരസ്യമായി. അതോടെ മൗലാക്കന്മാരും പള്ളിക്കമ്മറ്റികളും ഉണർന്നു. അവർ പരസ്പരം പറഞ്ഞു. 'ഇങ്ങനെ വിട്ടാൽ പറ്റില്ലല്ലോ.' അവർ എതിർപ്പുമായി രംഗത്തെത്തി. ഇമ്പിച്ചികോയട്ടി ദാറുസ്സലാമിലെ നിത്യസന്ദർശകനായി. ഒടുവിൽ 1964-ൽ ഫെബ്രുവരി മാസത്തിലെ ഒരു ദിവസം ബയ്അത്ത് ചെയ്യാനായി തിരഞ്ഞെടുത്തു. വലിയ മൗലവി സാഹിബിനെ കണ്ട് ബയ്അത്ത് ചെയ്യാൻ ദാറുസ്സലാമിലെത്തി. അസർ നമസ്കാരസമയമാണ് അവിടെ ചെന്നത്. മൗലവി സാഹിബിനോട് പറഞ്ഞു. ''മൗലവി സാഹിബേ, എനിക്ക് ബയ്അത്ത് ചെയ്യണം." ഉടൻ മറുപടി വന്നു. ''അതിനെന്താ? പക്ഷേ, ഇപ്പോൾ വേണ്ട. മഗ്രിബിനാവാം." ഇമ്പിച്ചികോയട്ടി സാഹിബ് തിരികെവന്നു വീണ്ടും മഗ്രിബിന് പള്ളിയിലെത്തി. ബയ്അത്ത് വാചകം ചൊല്ലിക്കൊടുക്കാൻ മൗലവി സാഹിബ് തയ്യാറായി. പക്ഷേ, ഒരുതരം ഭയം ഇമ്പിച്ചികോയട്ടി സാഹിബിനെ അതിൽ നിന്നും തടഞ്ഞു.

1964-ൽ അഹ്മദിയ്യാ മുസ്‌ലിം സംസ്ഥാന സമ്മേളനം നിലമ്പൂരിൽ നടത്താൻ തീരുമാനമായി. ഇതറിഞ്ഞ ഇമ്പിച്ചികോയട്ടി സാഹിബ് സമ്മേളനത്തിൽ പങ്കെടുക്കാൻ തീരുമാനിച്ചു. കോഴിക്കോട്ടെ മൊയ്തുണ്ണി സാഹിബ് സമ്മേളനത്തിനുശേഷം ബയ്അത്ത് ചെയ്തു. ഇതറിഞ്ഞ ഇമ്പിച്ചികോയട്ടി സാഹിബ് ദുഃഖിതനായി. ''എന്നേക്കാൾ മുമ്പ് മൊയ്തുണ്ണി സാഹിബ് അഹ്മദിയായോ? അദ്ദേഹം സ്വന്തം മനസ്സിനെ കുറ്റപ്പെടുത്തി. പിന്നെ താമസിച്ചില്ല. വലിയ മൗലവി സാഹിബിന്റെയടുക്കലെത്തി ബയ്അത്ത് ചെയ്തു. ഇതോടെ സ്വന്തം വീട്ടിൽ നിന്നും പുറത്താക്കപ്പെട്ടു. താമസം ദാറുസ്സലാമിലാക്കി. അക്കാലഘട്ടത്തിൽ പുതുതായി അഹ്മദിയാകുന്നവരുടെ സങ്കേതമാണ് ദാറുസ്സലാം. ഏകദേശം ഒരു വർഷത്തോളം അവിടെ താമസിച്ചു. ഇതിനിടയിൽ സ്വന്തമായി കച്ചവടം തുടങ്ങി. എതിർപ്പുകൾ കുറഞ്ഞു തുടങ്ങി. ഉപ്പ മരിച്ചതോടെ വീട്ടിൽ കയറിത്തുടങ്ങി. ഇപ്പോൾ, തന്നെ പുറത്താക്കിയവർക്ക് ഇമ്പിച്ചികോയട്ടി സഹിബ് ഒരു തുണയായി മാറിക്കഴിഞ്ഞു.

അഹ്മദിയായതിനു ശേഷം ഒരിക്കൽ കാരപ്പറമ്പ് മദ്രസയിലെ മൗലവിമാരുമായി സംസാരിക്കേണ്ട ഒരു സന്ദർഭം വന്നു. മൗലവിമാർ ഇമ്പിച്ചികോയട്ടി സാഹിബിനെ പരിഹസിക്കുകയായിരുന്നു. ക്രമേണ ചർച്ച ചൂടുപിടിച്ചുതുടങ്ങി. ഇമ്പിച്ചി കോയട്ടി സാഹിബ് ഒറ്റയ്ക്ക് എതിർത്തുനിന്നു. അഹ്മദിയ്യാ സാഹിത്യങ്ങളിൽ

*(ശേഷം 8-ാം പേജിൽ)*

# മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഉത്തര കേരള ഇജ്തിമാഅ് മത്സരവിജയികൾ

***ഖുർആൻ പാരായണം***

(1) മുഖ്താർ അഹ്മദ്, മാത്തോട്ടം (2) അബ്ദുൽ ജബ്ബാർ, പള്ളിപ്പുറം (3) എം.പി. നജീബ്, പത്തപ്പിരിയം

***മലയാള പദ്യം***

(1) മുസഫർ അഹ്മദ്.കെ, മാത്തോട്ടം (2) മുബശ്ശിർ ടി.കെ, കൽക്കുളം (3) അബ്ദുൽ ജബ്ബാർ, പള്ളിപ്പുറം

***അറബിപദ്യം***

(1) മുബശ്ശിർ ടി.കെ, കൽക്കുളം (2) ഫഹീം അഹ്മദ്, മാത്തോട്ടം (3) നിശാദ് അസീസ്, കണ്ണൂർ ടൗൺ

***ഉറുദുപദ്യം***

(1) മുസഫർ അഹ്മദ്.കെ, മാത്തോട്ടം (2) മുബശ്ശിർ അഹ്മദ്. ടി.കെ, കൽക്കുളം (3) നദീം അഹ്മദ്, കൂടാളി

***പ്രസംഗം***

(1) അബ്ദുൽ വാസിഹ്, കൊടിയത്തൂർ (2) ജസ്നാസ്.എസ്.വി. മാത്തോട്ടം (3) ശാജിമോൻ.പി, പള്ളിപ്പുറം

***പ്രബന്ധരചന***

(1) മുസഫർ അഹ്മദ്.ടി, കണ്ണൂർ സിറ്റി (2) ശബീബ് അഹ്മദ്.പി.ടി, മാത്തോട്ടം (3) ലുഖ്മാൻ അഹ്മദ്, കാവശ്ശേരി

***സംഘഗാനം***

(1) മാത്തോട്ടം മജ്‌ലിസ് (2) കണ്ണൂർ ടൗൺ മജ്‌ലിസ് (3) കൂടാളി മജ്‌ലിസ്

***ജനറൽ ക്വിസ്***

(1) കോഴിക്കോട് മജ്‌ലിസ് (2) പഴയങ്ങാടി മജ്‌ലിസ് (3) പത്തപ്പിരിയം മജ്‌ലിസ്

***ഖുത്ബ ക്വിസ്***

(1) കണ്ണൂർ സിറ്റി മജ്‌ലിസ് (2) കൂടാളി മജ്‌ലിസ് (3) പഴയങ്ങാടി മജ്‌ലിസ് & പള്ളിപ്പുറം മജ്‌ലിസ്

***ചുമർ പത്രിക***

(1) കണ്ണൂർ സിറ്റി മജ്‌ലിസ് (2) കോഴിക്കോട് മജ്‌ലിസ്(3) മാത്തോട്ടം മജ്‌ലിസ്

***കരകൗശല പ്രദർശനം***

(1) വസീം അഹ്മദ്. എം, മാത്തോട്ടം (2) മൻസൂർ ടി.കെ, കോഴിക്കോട് (3) മുഹമ്മദ് ഇർഷാദ്, മാത്തോട്ടം

***അത്ഫാൽ കയ്യെഴുത്ത് മാസിക***

(1) കണ്ണൂർ സിറ്റി (2) മാത്തോട്ടം

***വ്യക്തിഗത ചാമ്പ്യൻ-*** മുബശ്ശിർ.ടി.കെ, കൽക്കുളം

***ഓവറോൾ ചാമ്പ്യൻ-*** മാത്തോട്ടം മജ്‌ലിസ്

# സേവനം ചെയ്യൽ അഹംഭാവത്തിനും പൊങ്ങച്ചത്തിനും വേണ്ടിയാകരുത് : ഖാരി നവാബ് അഹ്മദ് സാഹിബ്

**പ്രത്യേകപ്രതിനിധി**

**എറണാകുളം, ആഗസ്റ്റ് 5:** മജ്‌ലിസ് അൻസാറുല്ലാ അംഗങ്ങൾ അല്ലാഹുവിന്റെ സഹായികളാണെന്നും അതിനാൽ മാതൃകായോഗ്യമായ ജീവിതം നയിച്ചുകൊണ്ട് മാനവകുലത്തിന് സേവനങ്ങൾ അർപ്പിക്കേണ്ടതാണെന്നും മജ്‌ലിസ് അൻസാറുല്ലാ അഖിലേന്ത്യാ നായിബ് സദ്ർ ഖാരി നവാബ് അഹ്മദ് സാഹിബ് പറഞ്ഞു. എറണാകുളം മാസ് ഓഡിറ്റോറിയത്തിൽ മജ്‌ലിസ് അൻസാറുല്ലാ സംസ്ഥാന ഇജ്തിമ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സേവനം ചെയ്യുന്നവർ അത് അഹങ്കരിക്കാനും പൊങ്ങച്ചം നടിക്കാനും വേണ്ടി ആക്കരുത്. സൂര്യൻ അസ്തമിക്കാത്ത അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങൾ ത്യാഗപൂർണ്ണമായ ജീവിതത്തിലൂടെ ഇസ്‌ലാമിനെ ഭൂലോകമാകെ പരത്താൻ ശ്രമിക്കണമെന്ന് അദ്ദേഹം തുടർന്നു പറഞ്ഞു. മജ്‌ലിസ് അൻസാറുല്ലാ സംസ്ഥാന നാസിം പി.പി. നാസിറുദ്ദീൻ സാഹിബ് ചടങ്ങിൽ അധ്യക്ഷനായിരുന്നു. ഉദ്ഘാടകന്റെ ഉറുദുവിലുള്ള പ്രസംഗം മൗലവി മുഹമ്മദ് ശരീഫ് സാഹിബ് പരിഭാഷപ്പെടുത്തി. ചീഫ് മിഷനറി മൗലാനാ മുഹമ്മദ് ഉമർ സാഹിബ് മുഖ്യപ്രഭാഷണം നടത്തി. ചടങ്ങിന് ആശംസകളർപ്പിച്ചുകൊണ്ട് കണ്ണൂർ മേഖലാ അമീർ എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ്, കോഴിക്കോട് മേഖലാ അമീർ എ.പി. കുഞ്ഞാമു സാഹിബ്, മലപ്പുറം മേഖലാ അമീർ പി. മുഹമ്മദലി മാസ്റ്റർ സാഹിബ്, പാലക്കാട് മേഖലാ അമീർ പ്രൊഫ. എം.കെ. അബ്ദുൽ കരീം സാഹിബ്, എറണാകുളം മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ്, തിരുവനന്തപുരം മേഖലാ അമീർ ബി. അബ്ദുൽ ജലീൽ സാഹിബ്, ദക്ഷിണമേഖലാ ഖാഇദ് ടി.കെ. അബൂബക്കർ സാഹിബ് എന്നിവർ സംസാരിച്ചു. ടി. അഹ്മദ് സയീദ് സാഹിബ് ഖുർആൻ പാരായണം നടത്തി. സജിദ് പടിയത്ത് സാഹിബ് സ്വാഗതം പറഞ്ഞു.




തുടർന്ന് രണ്ട് ദിവസങ്ങളിലായി വിവിധ വൈജ്ഞാനിക മത്സരങ്ങളും തർബിയ്യത്ത് ക്ലാസ്സുകളും നടത്തപ്പെട്ടു. മൗലവി. എം. നാസിർ അഹ്മദ് സാഹിബ് (ഖിലാഫത്തും അനുസരണവും), മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ് മുഹമ്മദ് നബി (സ)യും അൻസാർ അംഗങ്ങളും), മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് (കുടുംബജീവിതവും അൻസാറിന്റെ കടമയും) എന്നിവർ തർബിയ്യത്ത് ക്ലാസ്സുകളെടു

*(8-ാം പേജിൽ)*

*(6-ാം പേജിൽനിന്ന്)*

ചെയ്തു. പ്രശ്നങ്ങൾ ആരംഭിക്കുന്നത് മൂന്നു വർഷം മുമ്പ് കാലിഫോർണിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ മൈക്കൽ ബ്രൗൺ 'സേന' (Xena)എന്ന പുതിയ ഗോളം കണ്ടെത്തുന്നതോടെയാണ്. അതോടെ സേനയ്ക്കും പൂർണ്ണഗ്രഹമെന്ന പദവി നല്കണമെന്ന് ആവശ്യമുയർന്നു. പ്ലൂട്ടോയെക്കാളും ഒരു ഗ്രഹമാകാനുള്ള യോഗ്യത സേനക്കുണ്ടെന്നായി ശക്തമായ ഒരു പക്ഷം ഗവേഷകർ. അങ്ങനെ വരുമ്പോൾ സേനയെ കൂടാതെ രണ്ട് മൂന്നെണ്ണം കൂടി കണക്കിലെടുക്കേണ്ടതായി വരും. അപ്പോൾ 9-ന് പകരം 12 ആയി ഗ്രഹങ്ങളുടെ സംഖ്യ വിപുലീകരിക്കേണ്ടതുണ്ട്. ഈ വിഷമങ്ങളൊക്കെ കണക്കിലെടുത്താണ് IAU ഒരു ഉപസമിതിയെ വച്ചതും അവർ ഗ്രഹങ്ങളുടെ നിർവചനം പുതുക്കി നിശ്ചയിച്ചതും.

എന്നാൽ, പുനർനിശ്ചയത്തെ എതിർക്കുന്ന ആളുകളും കുറവല്ല. രാജ്യാന്തര തലത്തിൽതന്നെ പ്ലൂട്ടോയ്ക്കനുകൂലമായി പ്രതികരിക്കുന്ന ചില ശാസ്ത്രജ്ഞന്മാർ വൈകാരികമായി തന്നെ IAUയുടെ തീരുമാനത്തെ ചോദ്യം ചെയ്യുന്നു. ശാസ്ത്രീയമായി അവർ ചില മറുചോദ്യങ്ങൾ ഉന്നയിക്കുകയും ചെയ്യുന്നുണ്ട്. ഈ പുനർനിർണ്ണയിക്കപ്പെട്ട നിർവചനങ്ങളും യോഗ്യതകളും എത്രമാത്രം വ്യവസ്ഥാപിതമാണ് എന്നതത്രെ ഇവരുന്നയിക്കുന്ന പ്രധാന പ്രശ്നം. ഒരു സങ്കല്പം ഉണ്ടാകുമ്പോൾ അത് ശരിയാണെന്ന് തെളിയിക്കാനുള്ള സാധ്യത ശാസ്ത്രത്തിനുണ്ടെന്നും തുടർച്ചയായ പരീക്ഷണനിരീക്ഷണങ്ങളിലൂടെയാണ് ഇത് സംഭവിക്കേണ്ടതെന്നും ഇക്കൂട്ടർ വാദിക്കുന്നു. ഇതിനൊക്കെ പുറമെ പ്രായോഗികമായ ചില പ്രശ്നങ്ങളും ഉയർന്നുവരുന്നു. പ്രധാനമായും ലോകത്തെമ്പാടുമുള്ള ടെക്സ്റ്റുബുക്കുകളിൽനിന്ന് സൗരയൂഥത്തിന്റെ അടിസ്ഥാന പാഠങ്ങൾ തിരുത്തുക എന്നതുതന്നെ. എന്തായാലും വിവാദങ്ങളുടെ വലിയ അകമ്പടിയോടെ പ്ലൂട്ടോ നമ്മുടെ സൗരയൂഥത്തിലെ പ്രധാന റോളിൽ നിന്ന് അരികിലേക്ക് മാറുന്നു; എന്നെന്നേക്കുമായി. ●

*(5-ാം പേജിൽ നിന്ന്)*

രത്നമാണ്. (അല്ലാഹുവിനെ നിഷേധിക്കലാണ്) ദുആ വലിയ സമ്പത്താണെന്ന കാര്യം ദൃഢമായും മനസ്സിലാക്കിക്കൊള്ളുക.

ആരാണോ ദുആയെ തള്ളിക്കളയാത്തത് അവന്റെ ദീനിലും ദുൻയാവിലും അപകടമുണ്ടാകുകയില്ല. സായുധരായ സൈന്യം ചുറ്റും കാവൽനില്ക്കുന്ന കോട്ടക്കുള്ളിലാണ് അവൻ ഉള്ളത്. എന്നാൽ, ആരാണോ ദുആയിൽ അലസത കാണിക്കുന്നത് അവൻ നിരായുധനെപ്പോലെയാണ്. അവൻ ബലഹീനനുമാണ്. വന്യമൃഗങ്ങളെക്കൊണ്ട് നിറഞ്ഞ ഘോരവനത്തിലാണ് അവനുള്ളത്. അവനത് നല്ലതല്ലെന്ന് അവനുതന്നെ അറിയാൻ കഴിയും. ഒരൊറ്റ നിമിഷത്തിനുള്ളിൽ അവൻ ക്രൂരജന്തുവിന് ഇരയാവും. അവന്റെ എല്ലും ഇറച്ചിയും പോലും കാണാൻ പറ്റുകയില്ല. അതുകൊണ്ട് മനുഷ്യന്റെ വലിയ നന്മയുടേയും അവന്റെ സംരക്ഷണത്തിന്റേയും യഥാർത്ഥ മാർഗ്ഗം ഈ ദുആതന്നെയാണ്. (ഖുത്ബ, 11.8.06)

(7-ാം പേജിൽനിന്ന്)


നിന്നും ലഭിച്ച അറിവ് അദ്ദേഹത്തിന്റെ രക്ഷയ്ക്കെത്തി. ചർച്ച പലതലങ്ങളും പിന്നിട്ട് ഈസാനബിയുടെ മരണത്തിലെത്തി. ഇമ്പിച്ചി കോയട്ടി സാഹിബ് തന്റെ പരിമിതമായ അറിവ്വെച്ച് സംസാരിച്ചു. അന്നദ്ദേഹം പഠിച്ചുതുടങ്ങിയിട്ടേയുള്ളൂ. മൗലവിമാർക്ക് മുന്നിൽ ചില ചോദ്യങ്ങൾ ഇട്ടുകൊടുത്തു. അതോടെ അവർ നിശ്ശബ്ദരായി. മസീഹിന്റെ അനുയായികളെ, അവനെത്ര ചെറുതായാലും, പാമരനായാലും അല്ലാഹു ശത്രുക്കളുടെ മേൽ വിജയിപ്പിക്കുമെന്ന് വാഗ്ദാനം ചെയ്തിരുന്നുവല്ലോ. ചർച്ച കേട്ടുനിന്ന ശ്രോതാക്കളിൽ ഒരാൾ ഇങ്ങനെ പറഞ്ഞു. "ഈ പറഞ്ഞതും കേട്ടതും ശരിയാണെങ്കിൽ മിർസാ സാഹിബ് ഒരു നബിതന്നെയാണ്." തുടർന്ന് രംഗം വഷളാകുമെന്ന്കണ്ട മൗലവിമാർ തടിയൂരി.

കോഴിക്കോട് ജമാഅത്തിന്റെ മിക്ക സ്ഥാനങ്ങളും ഇദ്ദേഹം അലങ്കരിച്ചിട്ടുണ്ട്. മദ്രസ സെക്രട്ടറി, ലോക്കൽ സെക്രട്ടറി, തബ്‌ലീഗ് സെക്രട്ടറി, ജായിദാദ് സെക്രട്ടറി, സിയാഫത്ത് സെക്രട്ടറി, ജനറൽ സെക്രട്ടറി എന്നീ സ്ഥാനങ്ങൾ അദ്ദേഹം മാറി മാറി അലങ്കരിച്ചു. ഇപ്പോൾ കോഴിക്കോട് ജമാഅത്തിന്റെ ഇശാഅത്ത് സെക്രട്ടറിയാണ്. സുബായി ഇമാറത്തിൽ വിവാഹ സെക്രട്ടറി, പബ്ലിക്കേഷൻ സെക്രട്ടറി, മാൽ സെക്രട്ടറി എന്നീ സ്ഥാനങ്ങൾ കൈകാര്യം ചെയ്തിട്ടുണ്ട്. എ.പി. കുഞ്ഞാമു സാഹിബ് സുബായി അമീറായിരുന്നപ്പോൾ അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്നു. കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിന് വേണ്ടി സ്ഥലം വാങ്ങുന്നതിനും പള്ളി നിർമ്മിക്കുന്നതിനുമുള്ള കമ്മറ്റിയുടെ സെക്രട്ടറിയായിരുന്നു. കാരപ്പറമ്പ് സ്വദേശിയായ ഇദ്ദേഹം അവിടെയൊരു ശക്തമായ ജമാഅത്ത് നിലവിൽ വരുമെന്ന പ്രതീക്ഷയിലായിരുന്നു. ഇപ്പോൾ. ശത്രുക്കളുടെ എതിർപ്പിനെ മറികടന്ന് അവിടെ പത്ത് സെന്റ് സ്ഥലമടക്കം ഒരു കെട്ടിടം വാങ്ങാനും നമസ്കാരം ആരംഭിക്കാനും സാധിച്ചതിൽ അദ്ദേഹം സന്തോഷവാനാണ്.

(7-ാം പേജിൽനിന്ന്)

ത്തു. 5-ന് രാത്രി പ്രൊഫ. സി. മുസഫർ അഹ്‌മദ് സാഹിബിന്റെ അധ്യക്ഷതയിൽ ആരോഗ്യപരിപാലനക്ലാസ്സ് നടത്തി. ചടങ്ങിൽ ഡോക്ടർമാരായ ബി. അബ്ദുല്ലാഹ് സാഹിബ്, ശരീഫ് അഹ്‌മദ് സാഹിബ്, സി.ജി. കമാലുദ്ദീൻ സാഹിബ്, ഫുആദ് എ. ജലീൽ സാഹിബ് എന്നിവർ സംബന്ധിച്ചു. 6-ന് നടന്ന പൊതുസമ്മേളനത്തിൽ എ.എം. സലീം സാഹിബ് (സത്യദൂതൻ പത്രാധിപർ), മൗലവി കെ. മഹ്‌മൂദഹ്‌മദ് സാഹിബ് എന്നിവർ 'പശ്ചിമേഷ്യൻ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും' എന്ന വിഷയത്തെ ആധാരമാക്കി സംസാരിച്ചു. പൊതുസമ്മേളനത്തിൽ പ്രൊഫ.ബി. മഹ്‌മൂദഹ്‌മദ് സാഹിബ് അധ്യക്ഷനായിരുന്നു.

# മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യാ ഈജ്തിമകൾക്ക് സദർ സാഹിബിൽ നിന്നും ലഭിച്ച സന്ദേശം



പ്രിയ ഖുദ്ദാം അത്ഫാൽ സഹോദരന്മാരെ,
അസ്സലാമു അലൈക്കും.

മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യ കേരള സൗത്ത് സോണും നോർത്ത് സോണും തങ്ങളുടെ വാർഷിക ഇജ്തിമാഅ് നടത്തുന്നുണ്ടെന്നറിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. അല്ലാഹു ഈ ഇജ്തിമകളെ എല്ലാവിധത്തിലും വിജയകരമാക്കി തീർക്കുമാറാകട്ടെ. ഇതിൽ പങ്കെടുത്തവരിൽ ഒരു നവമായ മാറ്റം ഉണ്ടായിത്തീരുകയും വിശ്വാസത്തിലും ആത്മാർത്ഥതയിലും കർമ്മത്തിലും സ്ഥിരചിത്തത കൈവരിക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ.

നിങ്ങൾക്കെല്ലാവർക്കും അറിയുന്നതുപോലെ അഹ്‌മദിയ്യ ജമാഅത്തിലെ യുവതലമുറയെ സംസ്കരിക്കുന്നതിലും ശിക്ഷണം നൽകുന്നതിനുമായി ദൈവിക ഇംഗിത പ്രകാരം സ്ഥാപിതമായ ഒരു സംഘടനയാണ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യ.

ഏതൊരു സമൂഹത്തിന്റെയും സംസ്കരണം ആ സമൂഹത്തിലെ യുവാക്കളെ സംസ്കരിക്കാതെ കൈവരിക്കാൻ സാധ്യമല്ലെന്നുള്ളത് ഒരു പരമാർത്ഥമാണ്. അഹ്‌മദിയ്യാ ജമാഅത്തിനെ അല്ലാഹു മുഴുലോകത്തേയ്ക്കും വേണ്ടിയാണ് സ്ഥാപിച്ചിട്ടുള്ളത്. അഹ്‌മദി യുവാക്കളെ സംസ്കരിക്കുമ്പോൾ അത് മുഴുലോകത്തിന്റെയും സംസ്കരണത്തിന് നിദാനമായി തീരുന്നു. അതുകൊണ്ട് നമ്മുടെ സമൂഹത്തെ കാർന്ന് തിന്നുന്ന അപകടകാരികളായ തിന്മകളെ (ഉദാ: അസൂയ, ദുർധാരണ, ദുർവിചാരം, മറ്റുള്ളവരിൽ ന്യൂനത കണ്ടെത്തൽ, കള്ളം പറയൽ തുടങ്ങിയവ) ഇല്ലാതാക്കുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ പ്രിയങ്കരനായ ഇമാം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് V (അയ്യദഹു) പലവുരു നമ്മെ ഇക്കാര്യം ഓർമ്മപ്പെടുത്തിയിട്ടുള്ളതാണ്.

26, മെയ് 2006 ലെ ഖുത്ബയിൽ സയ്യിദ്നാ ഹുസൂർ ഇപ്രകാരം പറയുകയുണ്ടായി.

"അസൂയ, ദുർധാരണ, ദുർവിചാരം, മറ്റുള്ളവരിൽ ന്യൂനത കണ്ടെത്തൽ, കള്ളം പറയൽ തുടങ്ങിയതിന്മകളെ ഇല്ലാതക്കുന്നതിന് വേണ്ടി ജമാഅത്ത് സംവിധാനവും കീഴ്ഘടകങ്ങളും കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്."

ഹുസൂറിന്റെ ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇവ്വിധ തിന്മകളെ ഇല്ലാതാക്കുന്നതിനായി എല്ലാ സ്ഥലത്തും ശക്തമായ പ്രവർത്തനം നാം നടത്തേണ്ടിയിരിക്കുന്നു. കാരണം ഈ തിന്മകൾ സമൂഹത്തെ നശിപ്പിച്ച് തകർത്തുകളയുകയും പരസ്പര സ്നേഹവും സാഹോദര്യവും ഐക്യവും ഇല്ലാതാക്കി തീർക്കുകയും ചെയ്യുന്നു. തീ വിറകിനെ ചാരമാക്കി തീർക്കുന്നതു പോലെ ഇവ നന്മകളെ ചുട്ടുചാമ്പലാക്കി കളയുന്നു.

നാം എപ്പോഴും ആത്മ പരിശോധന നടത്തുകയും വിനാശകരമായ തിന്മകളിൽ നിന്നും സുരക്ഷിതരാകാൻ തൗബയും ഇസ്തിഗ്ഫാറും ചെയ്യുകയും ചെയ്യേണ്ടതാണ്. ജമാഅത്തായ നമസ്കാരത്തിലും നഫലുകളിലും കൃത്യനിഷ്ഠപാലിക്കുകയും ചെയ്യേണ്ടതാണ്. വിശുദ്ധ ഖുർആൻ പറയുന്നു. "ഇന്ന സ്വാലാത്ത തൻഹാ അനിൽ ഫഹ്ശാഇ വൽ മുൻകർ'

"നമസ്കാരം നീചകൃത്യങ്ങളിൽ നിന്നും നിഷിദ്ധകാര്യങ്ങളിൽ നിന്നും തടയുന്നു". അതുകൊണ്ട് തിന്മകളിൽ നിന്ന് വിട്ടു നിൽക്കാൻ നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ നമുക്ക് അല്ലാഹുവുമായി ബന്ധം സ്ഥാപിക്കേണ്ടിയിരിക്കുന്നു. സത്യത്തിൽ, തിന്മകൾ നാം ചെയ്യുന്നത് ദൈവത്തിൽ നിന്നും അകലുന്നതുകൊണ്ടാണ്. തിരുനബി(സ) അരുളി. നമസ്കാരം ഒരു മുഅ്മിനിന്റെ മിഅ്റാജാണ്. (ഉയർച്ചക്കുള്ള മാർഗ്ഗമാണ്) അതായത് നമസ്കാരത്തിലൂടെയാണ് ഒരു വിശ്വാസിക്ക് അല്ലാഹുവുമായി സുദൃഢ ബന്ധം സാധിക്കുകയുള്ളൂ. അതുകൊണ്ട് നമസ്കാരത്തിലും നഫലുകളിലും നാം കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

ഇതുപോലെ നിത്യവും നിശ്ചിത രീതിയിൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്യേണ്ടതാണ്. വിശുദ്ധ ഖുർആൻ പാരായണം മുഖേന അസംഖ്യം അനുഗ്രഹങ്ങളും മഹത്വങ്ങളും ലഭിക്കുന്നതാണ്.

ഈ തിന്മകളിൽ നിന്ന് രക്ഷപ്പെടുന്നതിനും അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്നതിനുമായി ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു ആത്മീയ പദ്ധതി 'നിസാമെ വസിയ്യത്ത്' എന്ന പേരിൽ സ്ഥാപിച്ചിട്ടുണ്ട്. അതിന് നൂറു വർഷം പൂർത്തിയാവുകയാണ്. നമ്മുടെ പ്രിയ ഇമാം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് V (അയ്യദഹു) ഈ പദ്ധതിയിൽ അംഗങ്ങളാകാൻ നമ്മോട് ആഹ്വാനം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ സന്ദേശത്തിലൂടെ ഈ പദ്ധതിയിൽ അംഗങ്ങളാകാൻ എല്ലാ ഖാദിം സഹോദരന്മാരോടും ഞാൻ അപേക്ഷിക്കുകയാണ്.

ലോകത്തെ ഒന്നടങ്കം സംസ്കരിക്കേണ്ട ഉത്തരവാദിത്വം ഇന്ന് അല്ലാഹു അഹ്‌മദിയ്യാ ജമാഅത്തിനെ ഏൽപിച്ചിരിക്കുകയാണ്. അതുകൊണ്ട് വഖ്ഫെആർസിക്കായും നമ്മുടെ ഖാദീമീങ്ങൾ സമയം കണ്ടെത്തേണ്ടതുണ്ട്. വഖ്ഫെആർസി പദ്ധതി പ്രകാരം നവാഗതരായ ഖുദ്ദാം അത്ഫാൽ അംഗങ്ങൾക്ക് വിദ്യാഭ്യാസവും ശിക്ഷണവും നൽകുവാനുള്ള പദ്ധതി ആസൂത്രണം ചെയ്യുക. ഓരോ ഖാദിമും ഇതിനായി അവരുടെ സമയം ത്യാഗം ചെയ്യാൻ തയ്യാറാവുകയും ഈ പദ്ധതിയിൽ പങ്കെടുക്കുകയും ചെയ്യുക.

അല്ലാഹു നമുക്കെല്ലാവർക്കും ഹുസൂറിന്റെ നിർദ്ദേശത്തിനനുസരിച്ച് സേവനം ചെയ്യാനുള്ള തൗഫീഖ് നൽകി അനുഗ്രഹിക്കുമാറാകട്ടെ. (ആമീൻ)

അല്ലാഹു നിങ്ങളുടെ ഇജ്തിമാഇനെ അനുഗ്രഹപൂർണ്ണമാക്കുകയും ഇതിന്റെ നല്ലതും സുദീർഘവുമായ ഫലവും ഉണ്ടാക്കിത്തീർക്കുമാകട്ടെ.

എല്ലാ ഖാദിം അംഗങ്ങൾക്കും സ്നേഹനിർഭരമായ സലാം.

വസ്സലാം,
**ശുഐബ് അഹ്‌മദ്**
സദർ, മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യാ ഭാരത്

# ചൈനീസ് ഇസ്‌ലാം: പുതിയ കാഴ്ചകൾ

**ബീജിംങ്:** ചൈനയിലെ ഇസ്‌ലാം പുനരുദ്ധരിക്കപ്പെടുന്നു? ഒടുവിലായി കിട്ടിക്കൊണ്ടിരിക്കുന്ന സൂചനകളനുസരിച്ച് കമ്മ്യൂണിസ്റ്റ് ചൈനയിലെ ഇസ്‌ലാം പുരോഗതിയുടെ പാതയിലാണ്. ചൈനയിൽ നടന്നുവരുന്ന നവസാമ്പത്തിക പരിഷ്കാരങ്ങളും ഈ വളർച്ചയുടെ വലിയ ചാലകശക്തിയാണ്. നിയന്ത്രണങ്ങൾ ഇപ്പോഴും ഒട്ടേറെയുണ്ടെങ്കിലും ഇസ്‌ലാമിക ജീവിതരീതിയിൽ മുന്നേറാൻ ചൈനയിൽ വലിയ പ്രയാസമൊന്നുമില്ല എന്നതാണ് ഇപ്പോഴത്തെ അവസ്ഥ.

ചൈനയിൽ 20-30 മില്യൺ മുസ്‌ലിംകൾ ഉണ്ടെന്ന് കരുതപ്പെടുന്നു. ചൈനയിലെ ഏറ്റവും കൂടുതലുള്ള ബുദ്ധമതാനുയായികൾക്ക് (100 മില്യൺ) പിറകിൽ രണ്ടാം സ്ഥാനമാണിവിടെ ഇസ്‌ലാമിന്. ചൈനീസ് ഇസ്‌ലാമിക പാരമ്പര്യം വളരെ പഴക്കമേറിയതാണ്. അതുകൊണ്ടു തന്നെ കടുത്ത യാഥാസ്ഥിതികരുമാണ് ഇവിടത്തെ മുസ്‌ലിംകൾ. 1200 ഓളം വർഷം മുമ്പേതന്നെ ഇസ്‌ലാം ചൈനയിലുണ്ടെന്ന് ചരിത്രകാരന്മാർ പറയുന്നു. ചൈനയിലെ മുസ്‌ലിം വിഭാഗങ്ങളിൽ ഏറ്റവും വലുത് ഹുയ് (Hui) വിഭാഗമാണ്. ഇക്കൂട്ടർ ഹുയി മുസ്‌ലിംകൾ എന്നാണ് അറിയപ്പെടുന്നത്. മൊത്തത്തിലുള്ള ചൈനീസ് മുസ്‌ലിംകളുടെ പകുതിയോളം ഈ വിഭാഗത്തിൽപ്പെടുന്നവരാണ്. മധ്യകാലഘട്ടങ്ങളിൽ മദ്ധ്യപൂർവ്വേഷ്യയുമായി ചൈനയ്ക്കുണ്ടായിരുന്ന കച്ചവടബന്ധത്തിന്റെ അവശിഷ്ടമായി ഇവരെക്കരുതാം. എ.ഡി. 618 മുതൽ 906 വരെ ചൈന ഭരിച്ചിരുന്ന ടാങ് വംശത്തിന്റെ കാലം ഈ ജനതയുടെ ആവിർഭാവത്തിന്റെ കാലമായിരുന്നു. ഹുയി മുസ്‌ലിംകളെ കൂടാതെ പ്രബലമായ മറ്റൊരു ചൈനീസ് മുസ്‌ലിം വിഭാഗമാണ് ഉയ്ഗുർസ്. ഇവർ ചൈനയുടെ ബിൻജിയാങ് പ്രദേശത്താണ് കൂടുതൽ. തുർക്കിയുമായിട്ടാണ് ഈ വിഭാഗക്കാരുടെ പാരമ്പര്യബന്ധം.

ചൈനയിൽ ഗോബി മരുഭൂമിയോട് ചേർന്ന് നിൽക്കുന്ന നിൻഗ്സിയ പ്രോവിൻസ് ഹുയി മുസ്‌ലിം ഭൂരിപക്ഷപ്രദേശമാണ്. ജനസംഖ്യയുടെ 35%വും ഹുയി മുസ്‌ലിംകൾതന്നെ. ഇപ്പോഴിവിടെ 3000ലേറെ പള്ളികളും 760ലേറെ അംഗീകരിക്കപ്പെട്ട ഇമാമുമാരുമുണ്ട്. അടുത്തകാലത്തായി ഇസ്‌ലാമിക് ഡെവലപ്പ്മെന്റ് ബാങ്ക് കോടിക്കണക്കിന് ഡോളർ ഈ പ്രദേശത്തേക്കായി നല്കിയിട്ടുണ്ട്. ഈ സ്രോതസ്സുപയോഗിച്ച് പ്രവിശ്യാ തലസ്ഥാനമായ യിൻചുആനിലും ഇതരസ്ഥലങ്ങളിലും ഇസ്‌ലാമിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചിരിക്കുന്നു. ഇവയിലൊക്കെയായി 5000ൽ അധികം വിദ്യാർത്ഥികൾ ഇസ്‌ലാമികപഠനം തുടർന്നുവരുന്നുണ്ട്. ഹജ്ജിന് പോവുകയും, ആധുനിക കാഴ്ചപ്പാടുകൾ സ്വീകരിക്കുകയും ചെയ്യുന്നതോടെ ഹുയി മുസ്‌ലിംകൾ മാറിവരികയാണ്. യാഥാസ്ഥിതികത്വം ഉപേക്ഷിച്ച് കൂടുതൽ ആത്മീയ-ഭൗതിക പുരോഗതികൾ കരസ്ഥമാക്കുകയാണിവരിപ്പോൾ. ഇതിന്റെ ഭാഗമായി വനിതാ ഇമാമുമാരും രംഗത്തെത്തിയിട്ടുണ്ട്. വനിതകളെ ബോധവല്ക്കരിക്കാനും, മദ്രസാ പാഠങ്ങൾ നൽകാനും ഈ വനിതാ ഇമാമുകൾ പ്രയത്നിക്കുന്നു.

അടുത്തകാലത്തായി ഇതേ പ്രവിശ്യയിലെ തന്നെ ലിങ്‌പൂ എന്ന സ്ഥലത്ത് മുസ്‌ലിം പള്ളി നിർമ്മാണം ത്വരിതപ്പെട്ടിട്ടുണ്ട്. മതപരമായ ഒരു പുതിയ നീക്കം ചൈനയിലെമ്പാടും കാണാം. എന്നാൽ ഇതിനെ സാമ്പത്തികമായി പ്രയോജനപ്പെടുത്താനും ചൈനീസ് അധികൃതർ തയ്യാറാകുന്നു. ഹുയിമുസ്‌ലിം ഭൂരിപക്ഷ മേഖലയെ ഗൾഫ് രാജ്യങ്ങളുമായി ബന്ധപ്പെടുത്തി ഈ മേഖലയുടെ സാമ്പത്തിക വികസനം സാധ്യമാക്കാനാണ് ചൈനീസ് അധികൃതരുടെ ശ്രമം. അടുത്തകാലത്ത് ഈ സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് പ്രൊവിഷണൽ ഗവർമെന്റ് തന്നെ മുൻകൈയെടുത്ത് ഒരു 'ഹലാൽഫുഡ് എക്സിബിഷൻ' സംഘടിപ്പിക്കുകയുണ്ടായി.

ചൈനയിൽ ഇസ്‌ലാമികമായ ശൈലികൾ മുമ്പ് പലപ്പോഴും പേരിന് മാത്രമായിരുന്നു. മദ്യപിക്കുന്നവരും മതപരമായ കാര്യങ്ങളിൽ വിമുഖരുമായിരുന്നു ഇവർ. സ്ത്രീകൾ പർദ്ദ ധരിക്കാറില്ല. എന്നാൽ ഈ നവോത്ഥാനത്തോടെ സംഗതികൾ മാറുന്നു. നിൻക്സിയായിലെ പള്ളികളിൽ 5 നേരവും ഇപ്പോൾ ആളുകളെത്തുന്നു. ഇസ്‌ലാമിക ലോകം നേരിടുന്ന പ്രശ്നങ്ങൾ എന്തെന്ന് ഇപ്പോഴിവരും ബോധവാന്മാരാണ്. അമേരിക്കൻ അധിനിവേശം പോലുള്ള കാര്യങ്ങളിൽ തങ്ങളുടേതായ അഭിപ്രായം ഇവർക്കുണ്ട്. എന്നാൽ കാര്യങ്ങൾ അത്രമാത്രം സുഗമമല്ല. ചൈനയിൽ ഇപ്പോഴും 18 വയസ്സുവരെ മതവിദ്യാഭ്യാസം പാടില്ല. മാത്രവുമല്ല തദ്ദേശീയരായ ഇതര മതവിഭാഗങ്ങൾ ഈ ഇസ്‌ലാമിക നവോത്ഥാനത്തെ സംശയത്തോടെ വീക്ഷിക്കുന്നുമുണ്ട്. എന്തായാലും കമ്മ്യൂണിസ്റ്റ് ചൈനയിലെ ഈ മാറ്റം വലിയ വൈരുദ്ധ്യമായി കരുതപ്പെട്ടേക്കാം. *(അവലംബം: ദ ഹിന്ദു)*

Published by Dr. Salahudheen, North Ilaqa Qaid for Majlis Khuddamul Ahmadiyya. Chief Editor - B.M. Shoukhathali, Editor - Shamsudheen, Kannur.